# ഹറാമ് തിന്നുന്നതിന്റെ ദൂഷ്യഫലങ്ങൾ

ഗ്രന്ഥകാരൻ

**ശൈഖ് അബ്ദുല്ലാഹ് സഅദ് അൽഫാലിഹ്**

വിവർത്തനം

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

MALBARI


ISLAMIC CULTURAL CENTER DAMMAM
P.O. Box 3865 - Postal Code 31481
Tel.: 03-8320004 - Fax: 03-8320005
E-mail: info@icc.org.sa
www.icc.org.sa


Islamic Cultural Center Dammam

# آثار أكل الحرام

تأليف

**الشيخ عبد الله بن سعد الفالح**

ترجمة

**عبد الجبّار عبد الله**

مليباري


المكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام
ص.ب ٣٨٦٥ الدمام ٣١٤٨١ - هاتف ٠٣-٨٣٢٠٠٠٤ - ناسوخ ٠٣-٨٣٢٠٠٠٥
البريد الإلكتروني info@icc.org.sa
موقع المكتب على الشبكة www.icc.org.sa

﴿ بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ﴾

# ആമുഖം

അല്ലാഹുവിന് മാത്രമാകുന്നു സ്തുതികൾ മുഴുവനും.
വനത്രെ കച്ചവടം അനുവദനീയമാക്കുകയും പലിശ ഹറാ
ക്കുകയും ചെയ്തവൻ. അവനെ സ്തുതിക്കുന്നതിനോടൊ
മുഴുവൻ നന്മകളും ചൊല്ലിപ്പറഞ്ഞ് അവനെ വാഴ്ത്തുന്നു.
ൃഷ്ടികളിൽ ഉത്തമനും പവിത്രനും അതിസൂക്ഷ്മാലുവുമാ
പ്രവാചക പുങ്കവനിൽ സ്വലാത്തും സലാമും സദാവർ
ക്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. അദ്ദേഹമ
ഹലാലുകൾ വ്യക്തമാക്കി അവയിൽ പ്രേരണനൽകുക
ം ഹറാമുകൾ സ്പഷ്ടമാക്കി അവയെ കുറിച്ച് മുന്നറി
പ്പ് നൽകുകയും ചെയ്തത്. അദ്ദേഹം നമ്മെ വെളു
ഒരു പ്രതലത്തിൽ വിട്ടയച്ചു. അതിന്റെ പകല് പോലെ
ാണ് രാവും. നശിച്ചുകൊണ്ടിരിക്കുന്നവനല്ലാതെ അ
ൽ നിന്നും തെറ്റുകയില്ല.

വർത്തമാന യുഗത്തിൽ ധാരാളം മുസ്‌ലിംകൾ ഹറാ
ന്റെ കാര്യത്തിൽ വിട്ടുവീഴ്ചാ മനോഭാവം കാണിക്കുക
ം ഹറാമിൽ ആപതിക്കുകയും അതിലേക്ക് മത്സരിക്കുക
ം ചെയ്യുന്നു. പ്രത്യേകിച്ച് സാമ്പത്തിക വിഷയങ്ങളിൽ. ത
ളുടെ കയ്യിൽ വന്നുപെട്ടതെല്ലാം അവർക്ക് ഹലാലായി മാ



റി, അത് യാതൊരു സംശയവുമില്ലാത്ത വ്യക്തമായ ഹറാമാണെങ്കിലും ശരി. ഹറാമുകൾ ഹലാലാക്കുവാൻ ദുർവ്യാഖ്യാനങ്ങളും വിലകുറഞ്ഞ ന്യായീകരണങ്ങളും കുതന്ത്രങ്ങളുമാണ് ആളുകൾ പയറ്റുന്നത്. പക്ഷെ, അതെല്ലാം ഹറാമിന് കാഠിന്യവും ഇരുട്ടിന് കാളിമയുമല്ലാതെ വർദ്ധിപ്പിക്കുകയില്ല. പിശാചാണ് അവരെ അതിലേക്ക് പ്രേരിപ്പിക്കുന്നത്. വിശ്വസ്തത കുറയുകയും വിശ്വാസം ക്ഷയിക്കുകയും ചെയ്തതിനാൽ ഭൗതിക പ്രമത്തതയും ദേഹേഛയോടുള്ള അനുകരണവുമാണ് അവരെ അതിലേക്ക് തള്ളുന്നത്. തന്റെ ദീനും ആദർശവും തുച്ഛമായ ഭൗതികതക്ക് വിറ്റ്, ദിനംപ്രതി ഹറാമിന്റെ ചളിക്കുണ്ടിൽ ആപതിക്കുന്ന അധമരെ കേൾക്കുകയും കാണുകയും ചെയ്യുന്നതിൽ താങ്കൾ അത്ഭുതപ്പെടേണ്ടതില്ല. അത്തരം ഒരു വിഭാഗത്തെ കണ്ടതിനാലാണ് അല്ലാഹുവിന്റെ വേണ്ടുകയാൽ ചുരുക്കിയും സരളവും എളുപ്പവുമായ ഒരു കൃതി എഴുതുവാൻ ഞാൻ ബോധവാനായത്. ഹറാമ് തിന്നാലുള്ള ദുഷ്യഫലങ്ങൾ, ഇഹത്തിലും പരത്തിലും അതിന്റെ തിക്ത പരിണിതികൾ, ഹറാമ് തിന്നുന്നവരുടെ തന്ത്രങ്ങളും ന്യായങ്ങളും, അല്ലാഹു വെളിച്ചമേകിയവർക്കും തൗഫീക്ക് ഏകിയവർക്കും ഹറാമു തിന്നുന്നതിൽനിന്ന് എങ്ങനെ രക്ഷപ്പെടാം, എന്നീ വിഷയങ്ങൾ ഞാൻ ഇതിൽ വിശദീകരിച്ചിരിക്കുന്നു. വിഷയം ദീർഘവും ആഴത്തിൽ അഗാധവുമാണ്. പക്ഷെ, രചന പെട്ടെന്ന് വെളിച്ചം കാണുവാനും വായനക്കാർക്ക് സൗകര്യമാകുവാനും ഞാൻ ചുരുക്കുകയാണ്. ഉൾകാഴ്ചയും വിശ്വാസവും വല്ലവരിലും ശേഷിക്കുന്നുവെങ്കിൽ അവർക്ക് യാഥാർത്ഥ്യം കണ്ടെത്തുവാൻ ഒരു ഗുണദോഷിയും തിന്മയിൽനിന്ന് അവരെ തടുക്കുന്നതും ആയേക്കാം ഈ രചന.



ഇതിന് തൂലിക ഉന്തിയവർക്കും ഇതിന്റെ വായനക്കാർക്കും അന്ത്യനാളിൽ ഇതുകൊണ്ട് ഉപകാരമുണ്ടാകട്ടേ എന്ന് ഞാൻ അല്ലാഹു ﷻ വിനോട് യാചിക്കുന്നു. അന്ത്യനാളിനെ വിവരിച്ചുകൊണ്ട് അല്ലാഹു ﷻ പറയുന്നു:

﴿ يَوْمَ لَا يَنفَعُ مَالٌ وَلَا بَنُونَ ﴿٨٨﴾ إِلَّا مَنْ أَتَى اللَّهَ بِقَلْبٍ سَلِيمٍ ﴿٨٩﴾ ﴾

**﴿അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ.﴾** (വി. ഖു. അശ്ശുഅറാഃ 88,89)



# ഇസ്‌ലാം സമഗ്രമാണ്, സമ്പൂർണ്ണവും

നിശ്ചയം, അല്ലാഹു ﷻ മതമാകുന്ന അനുഗ്രഹത്തെ നമുക്ക് പൂർത്തീകരിച്ച് നൽകുകയും, മതത്തെ ജീവിതത്തിന്റെ മുഴുമേഖലകളിലേക്കും സമ്പൂർണ്ണമായതുമാക്കുകയും, മതം കൊണ്ട് മനുഷ്യരുടെ അഞ്ച് അനിവാര്യ കാര്യങ്ങൾ അഥവാ മതം, ബുദ്ധി, അഭിമാനം, ശരീരം, സമ്പത്ത് എന്നിവയെ സംരക്ഷിക്കുകയും ചെയ്തു.

അല്ലാഹു ﷻ പറഞ്ഞു:

﴿ الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا ﴾

**﴿ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.﴾** (വി. ഖു. അൽമാഇദഃ : 3)

അതുകൊണ്ട് ഇസ്‌ലാം, ആരാധനാകാര്യങ്ങളെ ക്രമീകരിച്ചതുപോലെ ഇടപാടുകളേയും ക്രമീകരിച്ച് വ്യവസ്ഥ

ൾ' എന്ന വകുപ്പ് ഉള്ളതുപോലെ 'മുആമലാത്ത്(ഇടപാടുകൾ)
എന്നൊരു വകുപ്പും കൂടിയുണ്ട്. കർമ്മശാസ്ത്ര പണ്ഡിതന്മാ
ർ അവ രണ്ടിലും ഹറാമും ഹലാലും, മതപരമായി സാധ്യമാ
യതും സാധ്യമല്ലാത്തതും വ്യക്തമാക്കി. ഇബാദത്തുകളിൽ
കൽപനകളും വിരോധങ്ങളും വാഗ്ദാനങ്ങളും താക്കീതുക
ളും ഭീഷണികളും അപായസൂചനകളുമുണ്ട്. ഇപ്രകാരം ഇട
പാടുകളിൽ അനുവദനീയമായവയും അനുവദനീയമല്ലാത്തവ
യും ഉണ്ട്. അനുവദനീയമായവ മതിവരുത്തിയവർക്ക് അതി
നനുസരിച്ചുള്ള മഹത്തായ പ്രതിഫലവും അനുവദനീയമല്ലാ
ത്തവ ചെയ്തവർക്ക് അതിനനുസരിച്ചുള്ള ശക്തമായ താക്കീ
തും ഇടപാടുകളുടെ വകുപ്പിൽ ഉണ്ട്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَأَحَلَّ ٱللَّهُ ٱلْبَيْعَ وَحَرَّمَ ٱلرِّبَوٰا۟ ﴾

﴾എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ
നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ﴿ (വി. ക്വു. അൽ
ബക്വറഃ : 275)

ഇസ്ലാം, ഹലാലായ സമ്പാദ്യത്തിന് പ്രോൽസാഹിപ്പി
ച്ചു. അത് മതകീയമാക്കുകയും ചെയ്തു. അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلرُّسُلُ كُلُوا۟ مِنَ ٱلطَّيِّبَٰتِ وَٱعْمَلُوا۟ صَٰلِحًا ﴾

﴾ഹേ; ദൂതൻമാരേ, വിശിഷ്ടവസ്തുക്കളിൽ നിന്ന് നിങ്ങൾ
ഭക്ഷിക്കുകയും, സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യു
വിൻ.﴿ (വി. ക്വു. അൽമുഅ്മിനൂൻ : 51)

വിശ്വാസികളുടെ വിഷയത്തിൽ അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ ﴾



﴾സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തു
ക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചു കൊള്ളുക. ﴿ (വി.
ക്വു. അൽ ബക്വറഃ : 172) ഇമാം അഹ്മദ് رحمه الله പറഞ്ഞു: "ഭക്ഷി
ക്കൽ മതത്തിൽപ്പെട്ടതാണ്" അദ്ദേഹം ഉപരിസൂചിത രണ്ട് ആ
യത്തുകൾ കൊണ്ട് തെളിവ് പിടിക്കുകയും ചെയ്തു.

അതിനാൽ ഒരു മുസ്ലിം, അവൻ നമസ്കരിക്കുക
യും ദുആ ചെയ്യുകയും ചെയ്തുകൊണ്ട് പള്ളിയിലാകട്ടെ,
അല്ലെങ്കിൽ തൻെറ കച്ചവടസ്ഥലത്താകട്ടെ, ഫാക്ടറിയിലാ
കട്ടെ, ജോലിക്കസേരയിലാകട്ടെ അല്ലാഹുവിനെ സൂക്ഷിക്ക
ലും അല്ലാഹുവിൻെറ നിരീക്ഷണത്തിലാണ് താൻ എന്ന ബോ
ധം അവനുണ്ടാകലും അനിവാര്യമാണ്. അവൻ അല്ലാഹുവി
നെ ഭയക്കുകയും ഹലാല് സമ്പാദിക്കുന്നതിന് ശ്രമിക്കുകയും
സമുദായത്തോട് ഗുണകാംക്ഷിയാവുകയും വേണം. അല്ലാഹു
വിൻെറ റസൂൽ ﷺ പറഞ്ഞു:

« اتَّقِ اللَّهَ حَيْثُمَا كُنْتَ وَأَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا وَخَالِقِ
النَّاسَ بِخُلُقٍ حَسَنٍ »

((താങ്കൾ എവിടെയാണെങ്കിലും അല്ലാഹുവിൽ തക്വ്‌വയുള്ള
വനാവുക(അല്ലാഹുവെ സൂക്ഷിക്കുക) തിന്മ ചെയ്തുപോയാ
ൽ തുടർന്ന് നന്മ ചെയ്യുക; നന്മ തിന്മയെ മായിക്കും. ജന
ങ്ങളോട് സൽസ്വഭാവത്തിൽ പെരുമാറുക.)) [1]

തൻെറ മുഴുവൻ കർമ്മങ്ങളെക്കുറിച്ചും പെരുമാറ്റ
ങ്ങളെക്കുറിച്ചും മുസ്ലിമായ ഒരു മനുഷ്യൻ ചോദ്യംചെ

---

[1] തിർമുദി.



യ്യപ്പെടുന്നതാണ്. കർമ്മരേഖയിൽ തനിക്കുവേണ്ടി ചെറുതും
വലുതുമായ തൻെറ ചെയ്തികൾ ഒന്നൊഴിയാതെ ക്ലിപ്ത
പ്പെടുത്തുന്നതുമാണ്.

അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

لا تزول قدما عبد يوم القيامة حتى يسأل عن أربع خصال ، عــن
عمره فيما أفناه وعن شبابه فيما أبلاه وعن ماله من أين اكتــسبه
وفيما أنفقه وعن علمه ماذا عمل فيه

(നാല് കാര്യങ്ങളെ കുറിച്ച് ചോദിക്കപ്പെടാതെ ഒരു ദാസ
ൻേറയും കാൽപാദങ്ങൾ അന്ത്യനാളിൽ നീങ്ങുകയില്ല. ത
ൻെറ ആയുസിനെ കുറിച്ച്; അത് എന്തിൽ നശിപ്പിച്ചുവെന്ന്.
തൻെറ യൗവ്വനത്തെ കുറിച്ച്; അത് എന്തിൽ ക്ഷയിപ്പിച്ചു
വെന്ന്. തൻെറ സമ്പത്തിനെ കുറിച്ച്; അത് എവിടെനിന്ന് സ
മ്പാദിച്ചു, എന്തിൽ വിനിയോഗിച്ചു വെന്ന്. തൻെറ അറിവിനെ
കുറിച്ച്; അതുകൊണ്ട് എന്ത് കർമ്മം ചെയ്തുവെന്ന്.)) [1]

മുസ്ലിം സഹോദരാ, അന്ത്യനാളിൽ എല്ലാകാര്യങ്ങ
ളിലും താങ്കൾ ചോദ്യം ചെയ്യപ്പെടുന്നവനാണെന്ന് താങ്കൾ
അറിഞ്ഞില്ലേ ?" ആ കാര്യങ്ങളിൽ പെട്ടതാണ് സമ്പത്ത്. സമ്പ
ത്തിനെക്കുറിച്ച് രണ്ട് ചോദ്യങ്ങളാണ് താങ്കൾക്ക് ഉണ്ടാവുക.
താങ്കൾ എവിടെനിന്ന് സമ്പത്ത് സമ്പാദിച്ചു? താങ്കൾ എന്തി
നുവേണ്ടി ചിലവഴിച്ചു? മതപരമായി സാധുവായ മാർഗ്ഗത്തി

---

[1] ത്വബറാനി, ബസ്സാർ. മുസ്നദു അഹ്മദ്. സുനനുത്തിർമു
ദി. അൽബാനി ഹദീഥിനെ 'ഹസൻ ' ആക്കിയിട്ടുണ്ട്.



ലൂടെ സമ്പാദിക്കുകയും, സ്വന്തത്തിനും കുടുംബത്തിനും മറ്റും
മതപരമായ മാർഗ്ഗേണ പൊങ്ങച്ചമോ ധൂർത്തോ ഇല്ലാതെ സ
മ്പത്ത് ചിലവഴിക്കുകയും ചെയ്തവന് മംഗളം. അവൻ പ്രതി
ഫലാർഹനാണ്. സകാത്ത് നൽകുക, ബന്ധം ചാർത്തുക.
പുണ്യപ്രവർത്തനങ്ങൾ നിർവ്വഹിക്കുക തുടങ്ങിയ സമ്പത്തി
ലുള്ള അല്ലാഹുവിൻെറ വിഹിതങ്ങൾ അവൻ മറന്നില്ല. അ
തിനാൽ അവൻേറത് എത്ര നല്ല സമ്പത്ത്. അവനാകട്ടെ,
അതിശ്രേഷ്ഠ പദവിയിലാണുതാനും.

നിഷിദ്ധമായ മാർഗ്ഗേണയും ഹലാലോ ഹറാമോ എ
ന്നൊന്നും നോക്കാതെയുള്ള മാർഗ്ഗേണയും സമ്പാദിച്ചവ
ന് നാശം. അഥവാ ചതി, പലിശ, നിഷിദ്ധമായ ഇടപാടുകൾ,
അന്യായമായി ജനങ്ങളുടെ സ്വത്ത് എടുക്കുവാൻ തന്ത്രം മെ
നയുക, വിധവകളുടേയും യത്തീമുകളുടേയും സാധുക്കളു
ടേയും സ്വത്ത് തിന്നുക തുടങ്ങിയ നിഷിദ്ധമായ മാർഗ്ഗങ്ങൾ.
ശേഷം ചിലവഴിക്കുന്നതോ ഹറാമായ മാർഗ്ഗത്തിൽ. അഥവാ
സംഗീതോപകരണങ്ങൾ, ലഹരി വസ്തുക്കൾ, മയക്കുമരുന്ന്,
തുടങ്ങിയവ വിലക്ക് വാങ്ങുക, പിശാചും ദേഹേച്ഛയും ആ
ഗ്രഹിക്കുന്ന നിഷിദ്ധങ്ങൾ കണ്ടെത്തുവാൻ കുഫ്റിൻേറയും
നെറികേടിൻേറയും നാടുകളിലേക്ക് ടൂർ പോവുക, അനാ
വശ്യമായി സമ്പത്ത് ധൂർത്തടിക്കുക, ഇങ്ങനെയുള്ള ഹറാ
മായ മാർഗ്ഗങ്ങളിൽ ചിലവഴിക്കുന്നു. സമ്പത്ത് ധൂർത്തടിക്കു
ന്നവൻ ശൈത്വാൻെറ കൂട്ടുകാരിൽ പെട്ടവനാകുന്നു.

അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّ ٱلْمُبَذِّرِينَ كَانُوٓا۟ إِخْوَٰنَ ٱلشَّيَٰطِينِ ﴾

﴾തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ
സഹോദരങ്ങളാകുന്നു.﴿ (വി. ക്വു. അൽ ഇസ്റാഅ്: 27)

ആയതിനാൽ, താങ്കൾ അല്ലാഹുവെ സൂക്ഷിക്കുക. താങ്കളുടെ സമ്പത്തിനെക്കുറിച്ച് അത് എവിടെനിന്ന് സമ്പാദിച്ചു, എന്തിന് വിനിയോഗിച്ചു എന്ന് താങ്കൾ ചോദിക്കപ്പെടും. താങ്കൾതന്നെ ചോദ്യത്തിന് ഉത്തരം തയ്യാറാക്കുക. ശരിയായ ഉത്തരം തയ്യാറാക്കുക.

ഹറാമുതിന്നുന്നതിൻെറ അപകടകരമായ അനന്തര ഫലങ്ങളും, വ്യക്തിക്കും സമുദായത്തിനും ഇഹത്തിലും പരത്തിലും വന്നുഭവിക്കുന്ന നാശവും തകർച്ചയുമാകുന്ന വമ്പിച്ച കുഴപ്പങ്ങളും ഹറാമുതിന്നുന്നതിൽ ലാഘവത്വം കാണിക്കുന്നവർക്കായി ഇവിടെ സമർപ്പിക്കുന്നു. ലാഘവബുദ്ധിക്കാർക്ക് ഹലാല് അന്വേഷിക്കുവാനും സംശയാസ്പദമായവ സൂക്ഷിക്കുവാനും ഒരു ഗുണദോഷിയും തിന്മയിൽനിന്ന് അവരെ തടുക്കുന്നതും ആയേക്കാം അവ.

മുസ്‌ലിമിൻെറ വിചാരം കേവലം സമ്പത്തുണ്ടാക്കുക എന്നതാകരുത് പ്രത്യുത, ഹലാല് സമ്പാദിക്കുക എന്നതാവണം. അവൻ ഒരിക്കലും അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞ ഒരു വിഭാഗത്തിൽ ഉൾപ്പെടരുത്. അദ്ദേഹം പറഞ്ഞു:

« يَأْتِي عَلَى النَّاسِ زَمَانٌ ، لاَ يُبَالِي الْمَرْءُ مَا أَخَذَ مِنْهُ أَمِنَ الْحَلاَلِ أَمْ مِنَ الْحَرَامِ »

((ജനങ്ങൾക്ക് ഒരു കാലം വരും. അന്ന് ഒരു മനുഷ്യൻ താൻ സ്വീകരിച്ചത് ഹലാലിൽ നിന്നാണോ അതല്ല ഹറാമിൽ നിന്നാണോ എന്ന് ഗൗനിക്കുകയില്ല.)) (ബുഖാരി) മതനിഷ്ഠയുടെ കുറവും വിശ്വാസ്യതയുടെ ദുർബലതയുമാണ് ഇത് അറിയിക്കുന്നത്.



# ഹറാം തിന്നാലുള്ള ദൂഷ്യഫലങ്ങൾ

## ഒന്ന്: ബർക്കത്ത് നഷ്ടമാകും

അല്ലാഹു ﷻ പറഞ്ഞു:

﴿ يَمْحَقُ ٱللَّهُ ٱلرِّبَوٰا۟ وَيُرْبِى ٱلصَّدَقَٰتِ ﴾

﴾അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പോഷിപ്പിക്കുകയും ചെയ്യും.﴿ (വി. ഖു. അൽ ബഖറഃ : 276)

അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

«الْبَيِّعَانِ بِالْخِيَارِ مَا لَمْ يَتَفَرَّقَا ، فَإِنْ صَدَقَا وَبَيَّنَا بُورِكَ لَهُمَا فِي بَيْعِهِمَا ، وَإِنْ كَذَبَا وَكَتَمَا مُحِقَتْ بَرَكَةُ بَيْعِهِمَا»

((വാങ്ങുന്നവനും വിൽക്കുന്നവനും വിൽക്കുന്നിടത്ത് നിന്ന് വേർപിരിയാത്തിടത്തോളം കാലം (സാധനം വാങ്ങാനും വേണ്ടെന്ന് വെക്കാനും) സ്വാതന്ത്ര്യമുള്ളവരാണ്. രണ്ടാളും സത്യസന്ധത പുലർത്തുകയും കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്താൽ അവരുടെ കച്ചവടം അനുഗ്രഹമുറ്റതായി. ഇനി രണ്ടാളും കള്ളത്തരം കാണിക്കുകയും കുറവുകൾ മറച്ച് വെക്കുകയും ചെയ്താൽ അവരുടെ കച്ചവടം അനുഗ്രഹമറ്റതായി.))[1]

[1] ബുഖാരി, നസാഈ.



നോക്കൂ സഹോദരാ, കളവിൻേറയും, പലിശ ചതിപോലുള്ള ഹറാമായ ഇടപാടുകളുടേയും അനന്തര ഫലം. അവ അനുഗ്രഹം തുടച്ചുനീക്കും; തീർച്ച. ഒരാൾ ചതിക്കുകയും ചരക്കിൻെറ ന്യൂനത മറച്ചുവെക്കുകയും അതിലൂടെ സാമ്പത്തിക വളർച്ച ഉദ്ദേശിക്കുകയും ചെയ്താൽ താൻ ഉദ്ദേശിച്ചതിൻെറ വിപരീത ഫലം കൊണ്ട് അയാൾ ശിക്ഷിക്കപ്പെടും. അഥവാ താൻ കൈപറ്റിയ സമ്പത്തിൽ അനുഗ്രഹം നഷ്ടപ്പെടും. അതിൽ എണ്ണപ്പെരിപ്പം ഉണ്ടായാലും ബർക്കത്ത് നഷ്ടമാകും. അല്ലെങ്കിൽ കാലക്കെടുതി, അപകടം, രോഗം, മുസ്വീബത്ത് എന്നിവ തന്നിൽ വന്നുഭവിച്ച് ആ ദുരിതത്തിൽ പ്രസ്തുത സമ്പത്ത് ചിലവഴിക്കേണ്ടി വരും. എന്നാൽ, ഒരാൾ കച്ചവടത്തിൽ സത്യസന്ധത പുലർത്തുകയും ന്യൂനത വ്യക്തമാക്കുകയും മുസ്‌ലിം സഹോദരനോട് ഗുണകാംക്ഷ വെച്ചുപുലർത്തുകയും ചെയ്താൽ വിൽപനച്ചരക്കിന് വില കുറച്ചാണ് ലഭിച്ചതെങ്കിലും അല്ലാഹു ﷻ ആ സമ്പത്തിൽ ബർക്കത്ത് ചൊരിയും. ഇന്ന് എത്ര മനുഷ്യരാണ് സമ്പത്തിൽ ബർകത്ത് കുറയുന്നതിനെക്കുറിച്ച് വേവലാതിപ്പെടുന്നത്; സമ്പത്ത് കുന്നുകൂടിയിട്ട് കൂടി.

അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

« الْحَلِفُ مُنَفِّقَةٌ لِلسِّلْعَةِ مُمْحِقَةٌ لِلْبَرَكَةِ »

((സത്യം, ചരക്കുകളെ വിറ്റഴിപ്പിക്കും ബർക്കത്ത് നഷ്ടമാക്കിക്കളയുകയും ചെയ്യും.))[1] ഇവിടെ വിൽക്കുവാനും വാങ്ങുവാനുമാണ് സത്യം ചെയ്യുന്നത്. അത് അനനുവദനീയമാണ്. സത്യം

[1] ബുഖാരി.



ചെയ്യൽകൊണ്ട് വലിയ തുകക്ക് സാധനം വിറ്റഴിക്കാൻ ഉതകുമെങ്കിലും അനുഗ്രഹമറ്റ സ്വത്തായി മാറുന്നു പ്രസ്തുത തുക. എങ്കിൽ അത്തരം സ്വത്തുകൊണ്ട് എന്ത് പ്രയോജനം?

ഇന്ന് ഒട്ടനവധി കച്ചവടക്കാർ പാപ്പരാവുകയും കടം അവരുടെമേൽ കുന്നുകൂടുകയും ചെയ്തത് നിഷിദ്ധങ്ങളായ ഇടപാടുകൾ കാരണത്താൽ മാത്രമാണ്. വിശിഷ്യാ പലിശയിടപാടുകൾ. അല്ലാഹു ﷻ പലിശയിൽനിന്നും സകല ഹറാമുകളിൽനിന്നും നമ്മെ കാത്ത് രക്ഷിക്കുമാറാകട്ടേ......

## രണ്ട്: 'ദുആ'ക്ക് ഉത്തരം ഉണ്ടാകില്ല

അല്ലാഹുവിൻെറ റസൂൽ ﷺ സഅദ് ഇബ്നു അബീ വക്വാസ് ؓ നോട് പറഞ്ഞു:

يا سعد أطب مطعمك تكن مستجاب الدعوة

((ഓ സഅദ്, താങ്കളുടെ ഭക്ഷണം നന്നാക്കുക. താങ്കൾ ദുആക്ക് ഉത്തരം നൽകപ്പെടുന്നവനാകും.))[1]

« ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَرَامٌ وَمَلْبَسُهُ حَرَامٌ وَغُذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ »

[1] ത്വബറാനി.

((ശ്രേഷ്ഠം പ്രവാചകൻ ﷺ ഒരു വ്യക്തിയെ അനുസ്മരിച്ചു. ജടപിടിച്ച മുടിയും പൊടിപുരണ്ട ശരീരവുമായി അയാൾ തന്റെ യാത്ര തുടർത്തുന്നു. തന്റെ ഇരുകരങ്ങളും ആകാശത്തിലേക്ക് ഉയർത്തി, അയാൾ എന്റെ രക്ഷിതാവേ എന്റെ രക്ഷിതാവേ എന്ന് കേഴുന്നു. അയാളുടെ ഭക്ഷണം ഹറാമാണ്, പാനീയവും ഹറാമാണ്, വസ്ത്രവും ഹറാമാണ്, അയാൾ നിഷിദ്ധങ്ങളാൽ പോഷണം നൽകപ്പെട്ടിരിക്കുന്നു. അയാൾക്ക് എങ്ങനെ ഉത്തരം നൽകപ്പെടുവാനാണ്.))[1]

താങ്കളെ അല്ലാഹു അനുഗ്രഹിക്കട്ടെ,... നോക്കൂ, ഹറാമുതിന്നാൽ ദുആക്ക് ഉത്തരം തടഞ്ഞുകൊണ്ടുള്ള അതിന്റെ ദുഃസ്സ്വാധീനം. രോഗിയായി ചുരുണ്ടുകൂടി ആകാശത്തിലേക്ക് കൈകൾ ഉയർത്തുമ്പോൾ ക്ലേശങ്ങൾ നീങ്ങിപ്പോകുവാൻ ആഗ്രഹിക്കുമ്പോൾ, മനഃപ്രയാസങ്ങൾ വഴിമാറുവാൻ പ്രതീക്ഷ വെക്കുമ്പോൾ, ദുഃഖഭാരം നീങ്ങുവാൻ യാചിച്ചുകൊണ്ട് വിനയാന്വിതനാവുമ്പോൾ ആകാശങ്ങളുമായുള്ള ബന്ധങ്ങൾ നിലച്ചുപോയാൽ പിന്നീട് എന്ത് തന്ത്രങ്ങളാണ് മനുഷ്യനുള്ളത്? ഹറാമ് തിന്നതിനാൽ ആകാശ കവാടങ്ങൾ അവനു മുന്നിൽ കൊട്ടിയടക്കപ്പെട്ടു; അപ്പോൾ എങ്ങിനെ അവന് ഉത്തരം നൽകപ്പെടുവാനാണ്? പ്രാർത്ഥന തിരസ്കരിക്കപ്പെടുമെന്ന വിന മാത്രമാണ് ഹറാമു തിന്നുന്നതിനുള്ളതെങ്കിൽ അതുതന്നെ മതി ഹറാമുതിന്നുന്നതിൽ നിന്ന് വിട്ട് നിൽക്കുവാൻ. അതിനാൽ ഭക്ഷണം നന്നാക്കുക; പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടും. ഹറാമാകുന്ന താക്കോലുകൊണ്ട് ആകാശ കവാടങ്ങൾ പൂട്ടിയിടരുത്. കാരണം, താ

---

[1] മുസ്ലിം.



ങ്കൾ റബ്ബിനെ ആവശ്യമുള്ളവനാണ്. അവനു മുമ്പിൽ ഫക്വീറുമാണ്, ധന്യനല്ല. ഒരു കവി പാടി:

മുഴുക്ലേശങ്ങളിലും കേഴുന്നു നാം നാഥനോട്.
അവ വഴിമാറിയാലോ മറന്നിടുന്നു നാം നാഥനെ.
ഇരവുകൾക്കുത്തരം പ്രതീക്ഷിക്കാമോ നമുക്ക്,
കുറ്റങ്ങളാൽ അതിൻവഴി നാം തന്നെയടച്ചീടുകിൽ.

## മൂന്ന്: സ്വദക്വഃ, ഹജ്ജ്, ഉംറഃ തുടങ്ങിയ കർമ്മങ്ങൾ സ്വീകരിക്കപ്പെടില്ല ?!!

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ اللهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّباً»

"നിശ്ചയം അല്ലാഹു ത്വയ്യിബ്(നല്ലവൻ) ആകുന്നു. അവൻ ത്വയ്യിബ് മാത്രമേ സ്വീകരിക്കുകയുള്ളൂ......"[1] മറ്റൊരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

اذا خرج الرجل حاجا بنفقة طيبة ووضع رجله في الغرز فنادى لبيك اللهم لبيك ناداه مناد من السماء لبيك وسعديك زادك حلال وراحلتك حلال وحجك مبرور غير مأزور وإذا خرج بالنفقة

---

[1] മുസ്ലിം.



الخبيثة فوضع رجله في الغرز فنادى لبيك ناداه مناد من السماء لا لبيك ولا سعديك زادك حرام ونفقتك حرام وحجك غير مبرور»

((ഒരാൾ, നല്ലതായ വഴിച്ചിലവുമായി ഹജ്ജിനു പുറപ്പെടുകയും തന്റെ (വാഹനത്തിൽ കയറി) കാൽ കാലണിയിൽ വെച്ച് 'ലബ്ബയ്ക്കല്ലാഹുമ്മ ലബ്ബയ്ക്ക്' എന്ന് വിളിക്കുകയുമായാൽ ആകാശത്തിൽനിന്ന് വിളിക്കുന്നവൻ അയാളെ വിളിച്ച് പറയും: "താങ്കളുടെ വിളിക്ക് വീണ്ടും വീണ്ടും ഉത്തരമേകുന്നു. താങ്കളിൽ വീണ്ടും വീണ്ടും സൗഭാഗ്യം കാണുകയും ചെയ്യുന്നു. താങ്കളുടെ പാഥേയം ഹലാലാകുന്നു. വാഹനവും ഹലാലാകുന്നു. താങ്കളുടെ ഹജ്ജ് പുണ്യകരവുമാണ്. അത് പാപപങ്കിലമല്ല. ഒരാൾ, മോശമായ ചിലവുമായി ഹജ്ജിന് പുറപ്പെടുകയും അയാൾ തന്റെ (വാഹനത്തിൽ കയറി) കാലണിയിൽ കാൽ വെക്കുകയും അയാൾ 'ലബ്ബയ്ക്കല്ലാഹുമ്മ ലബ്ബയ്ക്ക്' എന്ന് വിളിക്കുകയും ചെയ്താൽ ആകാശത്തിൽ നിന്ന് വിളിക്കുന്നവൻ അയാളെ വിളിച്ച് പറയും: "താങ്കളുടെ വിളിക്ക് ഉത്തരമേയില്ല. താങ്കളിൽ ഒട്ടും സൗഭാഗ്യം കാണുന്നുമില്ല. താങ്കളുടെ പാഥേയം ഹറാം, ചിലവുകളും ഹറാം, താങ്കളുടെ ഹജ്ജ് പുണ്യകരമല്ല.))[1] മറ്റൊരു റിപ്പോർട്ടിൽ:

---

[1] ത്വബറാനി. ശൈഖ് അൽബാനി ഹദീഥിനെ 'ദ്വഈഫുൻ ജിദ്ദൻ'(തീർത്തും ദുർബലം) എന്ന് പറഞ്ഞിട്ടുണ്ട്. 'അദ്ദ്വഈഫഃ' നോക്കുക.



وَلاَ يَكْسِبُ عَبْدٌ مَالاً مِنْ حَرَامٍ فَيُنْفِقَ مِنْهُ فَيُبَارَكَ لَهُ فِيهِ وَلاَ يَتَصَدَّقَ بِهِ فَيُقْبَلَ مِنْهُ وَلاَ يَتْرُكَهُ خَلْفَ ظَهْرِهِ إِلاَّ كَانَ زَادَهُ إِلَى النَّارِ إِنَّ اللَّهَ عَزَّ وَجَلَّ لاَ يَمْحُو السَّيِّئَ بِالسَّيِّئِ وَلَكِنْ يَمْحُو السَّيِّئَ بِالْحَسَنِ إِنَّ الْخَبِيثَ لاَ يَمْحُو الْخَبِيثَ »

((ഒരു ദാസനും, നിഷിദ്ധമായതിലൂടെ സ്വത്ത് സമ്പാദിച്ച് അതിൽനിന്ന് ചിലവഴിച്ചാൽ അവന് അതിൽ അനുഗ്രഹം നൽകപ്പെടുകയില്ല. അവൻ അതുകൊണ്ട് സ്വദക്വഃ ചെയ്താൽ അത് അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല. അവൻ എന്താണോ അവശേഷിപ്പിക്കുന്നത് അത് അവന് നരകത്തിലേക്കുള്ള പാഥേയമായിരിക്കും. നിശ്ചയം, അല്ലാഹു ﷻ തിന്മയെ തിന്മകൊണ്ട് മായിക്കുകയില്ല. പക്ഷെ അവൻ തിന്മയെ നന്മകൊണ്ട് മായിക്കും. മ്ളേച്ഛത മ്ളേച്ഛതയെ മായിക്കുകയില്ല, തീർച്ച.))[1]

നിഷിദ്ധമായ ക്രയവിക്രയങ്ങളിൽനിന്ന് അകന്നുനിൽക്കാത്ത ആളുകളുടെ കാര്യം അത്ഭുതം തന്നെ. അവർ അതോടൊപ്പം സ്വദക്വഃയും പള്ളി നിർമ്മിക്കുക പോലുള്ള പുണ്യ പ്രവർത്തനങ്ങളും ചെയ്യുന്നു. ഹജ്ജും ഉംറയും നിർവ്വഹിക്കുന്നു. അവർ വിചാരിക്കുന്നത് അവരുടെ കർമ്മങ്ങൾ

---

[1] മുസ്നദ് അഹ്മദ്, ഹാകിം, ബയ്ഹക്വി. ശൈഖ് അൽബാനി ഹദീഥിനെ 'ദ്വഈഫ്' എന്ന് പറഞ്ഞിട്ടുണ്ട്. 'ദ്വഈഫുൽ ജാമിഅ്' നോക്കുക.

സ്വീകരിക്കപ്പെടുമെന്നും സ്വദക്വഃകൾ ഹറാമുതിന്നുണ്ടായ പാപങ്ങളെ മായിക്കുമെന്നുമാണ്. തങ്ങൾ ഹറാമിൽ മുങ്ങിക്കുളിച്ചവരാണെന്നും തങ്ങളുടെ ദാനധർമ്മങ്ങൾ സ്വീകരിക്കപ്പെടുകയില്ലെന്നും ഈ സാധുക്കൾ അറിയുന്നില്ല. കാരണം ഇത്തരം സമ്പത്ത് നല്ലതല്ല. അല്ലാഹു ﷻ 'ത്വയ്യിബ്' ആകുന്നു. അവൻ നല്ലത് മാത്രമേ സ്വീകരിക്കൂ.

അബ്ദുല്ലാഹ് ഇബ്നു ഉമർ ؓ പറഞ്ഞു:

لَرَدُّ دَانِق مِنْ حَرَام أَفْضَلُ مِنْ مِائَة أَلْف تُنْفَقُ فِي سَبِيلِ الله

"ഹറാമായ ഒരു 'ദാനക്വ്' (ഒരു ദിർഹമിൻെറ ആറിലൊന്ന്) ഒഴിവാക്കുകയാണ്, ഒരു ലക്ഷം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ചിലവഴിക്കുന്ന തിനേക്കാൾ ശ്രേഷ്ഠമായത്".

അബ്ദുല്ലാഹ് ഇബ്നു മുബാറക് ؒ പറയുന്നു:

لَئِنْ أَرُدَّ دِرْهَماً مِنْ شُبْهَة أَحَبُّ إِلَيَّ مِنْ أَنْ أَتَصَدَّقَ بِستِّمِائَة أَلْف

"സംശയാസ്പദമായ ഒരു ദിർഹം വേണ്ടെന്ന് വെക്കലാണ് ആറു ലക്ഷം ദാനം ചെയ്യുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത്."

## നാല്: ഹൃദയം മലിനമാകും.

അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

«أَلاَ وَإِنَّ فِى الْجَسَدِ مُضْغَةً ، إِذَا صَلَحَتْ صَلَحَ الْجَسَدُ كُلُّهُ ، وَإِذَا فَسَدَتْ فَسَدَ الْجَسَدُ كُلُّهُ . أَلاَ وَهِيَ الْقَلْبُ »



"അറിയുക, ശരീരത്തിൽ ഒരു മാംസ പിണ്ഡമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് കേടായാൽ ശരീരം മുഴുവൻ കേടായി. അറിയുക അതത്രെ ക്വൽബ് (ഹൃദയം.)" [1]

ഇമാം ഇബ്നു ഹജർ ؒ പറഞ്ഞു:

فيه تنبيه على تعظيم قدر القلب والحث على صلاحه والإشارة إلى أن لطيب الكسب أثرا فيه

"ഈ ഹദീഥിൽ ഹൃദയത്തിൻെറ പദവിയെ മഹത്വപ്പെടുത്തലും ഹൃദയം നന്നാക്കണം എന്ന പ്രോൽസാഹനവുമാണ് ഉള്ളത്. നല്ല സമ്പാദ്യങ്ങൾക്ക് ഹൃദയത്തിൽ സ്വാധീനമുണ്ട് എന്നതിലേക്ക് സൂചനയും ഈ ഹദീഥിലുണ്ട്." [2]

ഇമാം അഹ്മദ് ؒ ചോദിക്കപ്പെട്ടു:

بِمَ تَلِينُ الْقُلُوبُ ؟ قَالَ: بِأَكْلِ الحَلاَل

ഹൃദയങ്ങൾ ലോലമാകുവാൻ 'എന്തുവേണം?' അദ്ദേഹം പറഞ്ഞു: "ഹലാല് ഭക്ഷിക്കുക." [3]

## അഞ്ച്: ജീവിതം അപമാനിതമാകും; പ്രശ്ന കലുഷിതവും

---

[1] മുസ്ലിം.

[2] ഫത്ഹുൽ ബാരി 1: 128 നോക്കുക.

[3] മനാക്വിബുൽ ഇമാം അഹ്മദ് 255 നോക്കുക.



ഹറാമ് സമ്പാദിക്കുന്നവൻ പ്രശ്ന കലുഷിതനും ചഞ്ചലിതനും അപമാനിതനുമാകുന്നത് അല്ലാഹു ﷻ വിനെ ധിക്കരിച്ചുകൊണ്ട് അവൻെറ പ്രഭാത-പ്രദോഷങ്ങൾ മാറിമറിയുന്നതിനാലാണ്. അവൻ ധരിക്കുന്ന വസ്ത്രവും അവൻെറ പാർപ്പിടവും ഭക്ഷണവും പാനീയവും ഹറാമിൽ നിന്ന്. അവൻെറ പ്രാർത്ഥന ഉത്തരം നൽകപ്പെടാത്തത്. അവൻെറ ഹൃദയത്തെ നിഷിദ്ധ ഭോജ്യം ധാർമ്മികമായി തകർത്തു. കൂടാതെ, തൻെറ ഉള്ളുകള്ളികൾ വെളിപ്പെടുമോ, തൻെറ മോഷണവും തട്ടിപ്പും വെട്ടിപ്പും പുറംലോകമറിയുമോ എന്നിത്യാദി ഭയപ്പാടിലും ബേജാറിലുമായിരിക്കും അവൻ. ഇതൊക്കെയാണ് ഒരാളുടെ അവസ്ഥയും പരിണിതിയുമെങ്കിൽ അയാൾ എങ്ങിനെ സമാധാനം കണ്ടെത്തും? വിശിഷ്യാ, സ്ഥാനമാനങ്ങൾ വ്യാജമായി നേടിയെടുക്കുകയും സമ്പത്ത് നേടുവാൻ തന്ത്രം മെനയുകയും ചെയ്തവർ. അവൻ പകലിൽ നിന്ദ്യതയിലും രാവിൽ ദുഃഖത്തിലുമാണ്. തൻെറ നാടും വീടും അറിയപ്പെട്ടാൽ അവൻ നാടും വീടും മാറിക്കൊണ്ടേയിരിക്കും. ഫോൺ ബെല്ലടിച്ചാലും കതകിൽ മുട്ടിയാലും അവൻ പരിഭ്രാന്തിപ്പെടും. അല്ലാഹു ﷻ പറയുന്നു:

﴿ يَحْسَبُونَ كُلَّ صَيْحَةٍ عَلَيْهِمْ ﴾

﴿...എല്ലാ ഒച്ചയും തങ്ങൾക്കെതിരാണെന്ന് അവർ വിചാരിക്കും....﴾ (വി. ക്വു. അൽ മുനാഫിക്വീൻ : 4)

﴿ وَلَعَذَابُ الْآخِرَةِ أَشَدُّ وَأَبْقَىٰ ﴾

﴿പരലോകത്തെ ശിക്ഷ കൂടുതൽ കഠിനമായതും നിലനിൽക്കുന്നതും തന്നെയാകുന്നു.﴾ (വി. ക്വു. ത്വഹാ: 127)



അല്ലാഹു ﷻ നിന്ദ്യത സമ്മാനിക്കുന്ന സമ്പത്തിലും ദുഃഖവും പ്രയാസവും കൊണ്ടുവരുന്ന ബിസിനസിലും യാതൊരു ബർക്കത്തും ചൊരിയില്ല.

## ആറ്: അന്ത്യനാളിൽ കഠിന ശിക്ഷ

അതത്രെ വലിയ ദുരന്തവും കൊടിയ ഉപദ്രവവും. ഹറാമുതിന്നുന്നവന് ദുഖവും, പ്രയാസവും, ഹൃദയത്തിന് ധാർമ്മിക തകർച്ചയും, പ്രാർത്ഥനക്ക് ഉത്തരം നിഷേധിക്കലും ഫലമായി ഉണ്ടാകുന്നതോടൊപ്പം ദൗർഭാഗ്യവാന്മാർ കത്തിയെരിയുന്ന നരകത്തിൽ അവൻ കത്തിക്കരിയുമെന്ന് മുന്നറിയിപ്പ് നൽകപ്പെട്ടവനാണ്.

അല്ലാഹു ﷻ പറയുന്നു:

﴿ إِنَّ الَّذِينَ يَأْكُلُونَ أَمْوَالَ الْيَتَامَىٰ ظُلْمًا إِنَّمَا يَأْكُلُونَ فِي بُطُونِهِمْ نَارًا ۖ وَسَيَصْلَوْنَ سَعِيرًا ﴾

﴿തീർച്ചയായും അനാഥകളുടെ സ്വത്തുകൾ അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നു (നിറക്കു)ന്നത് തീ മാത്രമാകുന്നു. പിന്നീട് അവർ നരകത്തിൽ കത്തി എരിയുന്നതുമാണ്.﴾ (വി. ക്വു. അന്നിസാഅ്: 10)

അല്ലാഹു ﷻ പറയുന്നു:

الَّذِينَ يَأْكُلُونَ الرِّبَا لَا يَقُومُونَ إِلَّا كَمَا يَقُومُ الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ ۚ ذَٰلِكَ بِأَنَّهُمْ قَالُوا إِنَّمَا الْبَيْعُ مِثْلُ الرِّبَا ۗ وَأَحَلَّ اللَّهُ

ٱلْبَيْعَ وَحَرَّمَ ٱلرِّبَوٰا۟ فَمَن جَآءَهُۥ مَوْعِظَةٌ مِّن رَّبِّهِۦ فَٱنتَهَىٰ فَلَهُۥ مَا سَلَفَ وَأَمْرُهُۥٓ

إِلَى ٱللَّهِ وَمَنْ عَادَ فَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ هُمْ فِيهَا خَٰلِدُونَ ﴾

﴿പലിശ തിന്നുന്നവർ പിശാച് ബാധ നിമിത്തം മറിഞ്ഞു വീഴുന്നവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെയാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നുകിട്ടിയിട്ട്(അതനുസരിച്ച്) വല്ലവനും ( പലിശയിൽ നിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക് തന്നെ) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.﴾ (വി. ക്വു. അൽ ബക്വറഃ : 275)

അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

«وأيما لحم نبت من سحت فالنار أولى به »

(ഹറാമായ സമ്പാദ്യത്തിലൂടെ വളർന്നുവന്ന മാംസത്തിന് ഏറ്റവും അർഹമായത് നരകമാണ്.)[1] 'അനശ്വരമായതിനേക്കാൾ

[1] ഗ്രന്ഥകാരൻ ത്വബ്റാനി റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തി. ഈ വിഷയത്തിൽ സ്വഹീഹായി വന്ന മറ്റൊരു റിപ്പോർട്ടുകൾ ഇപ്രകാരമാണ്:



നശ്വരമായതിനും പ്രവിശാലമായ സ്വർഗ്ഗത്തേക്കാൾ ഏതാനും നാണയതുട്ടുകൾക്കും പ്രാമുഖ്യം കൽപ്പിക്കൽ ധിഷണശാലികൾക്ക് എങ്ങനെ യോജിക്കും? തനിക്കുവേണ്ടി നരകത്തിലേക്ക് വിറക് ശേഖരിക്കലും ബുദ്ധിമാന് യോജിക്കുമോ...? അല്ലാഹുവേ നിന്നിൽ അഭയം....

പക്ഷെ ഭൗതികയിൽ ആറാടുന്നവനെ തൻെറ, ദുൻയാവ് അന്ധനും, ദേഹേച്ഛ കുഴപ്പത്തിലും, മനുഷ്യ‌ജി

«لاَ يدخُلُ الْجَنَّةَ لَحْمٌ نَبَتَ مِنْ سُحْتٍ ، وَكُلُّ جَسَدٍ نَبَتَ مِنَ السُّحْتِ فَالنَّارُ أَوْلَى بِهِ»

«ഹറാമായ സമ്പത്തിലൂടെ വളരുന്ന മാംസം ഒരിക്കലും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഹറാമായ സമ്പത്തിലൂടെ വളരുന്ന ശരീരത്തിന് ഏറ്റവും അർഹമായത് നരകാഗ്നിയാണ്.» മുസ്നദ്, അഹ്മദ്. ശുഅബുൽ ഈമാൻ, ബയ്ഹക്വി. (അൽബാനിയുടെ 'മിശ്കാത്തി'ന്റെ 2772, 'സ്വഹീഹുത്തർഗീബിന്റെ' 1728 എന്നീ ഹദീഥുകളുടെ തഖ്രീജുകൾ നോക്കുക. വിവ:)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

( كُلُّ لَحْمٍ نَبَتَ مِنْ سُحْتٍ فَالنَّارُ أَوْلَى بِهِ )

«നിഷിദ്ധ സമ്പാദ്യത്തിലൂടെ വളരുന്ന മാംസത്തിന് ഏറ്റവും അർഹമായത് നരകമാണ്» അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 4495 നോക്കുക



ന്ന് പിശാചുക്കൾ വഴികേടിലുമാക്കിയിരിക്കുന്നു. അതോടെ അവൻ കറൻസിയുടെ അടിമയായി മാറി.

ദീനാറുകളുടേയും ദിർഹമുകളുടേയും അടിമ നശിച്ചിരിക്കുന്നു. അന്ത്യനാളിലെ ശിക്ഷയിൽ നിന്ന് ഭൂമിയിലുള്ളതെല്ലാം നൽകി സ്വന്തത്തെ മോചിപ്പിക്കുവാൻ താൻ ആഗ്രഹിക്കുമെന്ന കാര്യം ഈ സാധു അറിയുന്നില്ല.

അല്ലാഹു ﷻ പറഞ്ഞു:

﴿يُبَصَّرُونَهُمْ يَوَدُّ ٱلْمُجْرِمُ لَوْ يَفْتَدِى مِنْ عَذَابِ يَوْمِئِذٍۭ بِبَنِيهِ ﴿١١﴾ وَصَٰحِبَتِهِۦ

وَأَخِيهِ ﴿١٢﴾ وَفَصِيلَتِهِ ٱلَّتِى تُـْٔوِيهِ ﴿١٣﴾ وَمَن فِى ٱلْأَرْضِ جَمِيعًا ثُمَّ يُنجِيهِ ﴾

﴿അവർക്ക് അന്യോന്യം കാണിക്കപ്പെടും. തന്റെ മക്കളെ പ്രായശ്ചിത്തമായി നൽകി കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും. തന്റെ ഭാര്യയെയും സഹോദരനെയും തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്കളെയും ഭൂമിയിലുള്ള മുഴുവൻ ആളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ എന്ന്.﴾ (വി. ക്വു: അൽ മആരിജ്: 11 - 14)

അല്ലാഹുവാണെ സത്യം, ഒരു റൊട്ടിക്കഷ്ണവും അന്തിയുറങ്ങാൻ ഒരു രോമക്കുടിലും ഉടമപ്പെടുത്തി, സാധുവും മിസ്കീനുമായി, മാന്യനും പ്രതാപിയും ശാന്തനും സമാധാനിയുമായി, പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടുന്നവനും കർമ്മം സ്വീകരിക്കപ്പെടുന്നവനും നരകത്തിൽനിന്ന് രക്ഷപ്പെടുന്നവനുമായി ജീവിക്കലാണ്, സമൃദ്ധമായ വിഭവങ്ങൾ ഭക്ഷിച്ച്, മോഡിയേറിയ വസ്ത്രങ്ങൾ ധരിച്ച്, ഗംഭീരമായ വാഹനസവാരി



നടത്തി, നിന്ദ്യത നേടി, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതെ കർമ്മങ്ങൾ സ്വീകരിക്കപ്പെടാതെ നരകം വാഗ്ദാനം ചെയ്യപ്പെട്ടവനായി ജീവിക്കുന്നതിനേക്കാൾ ഇഷ്ടകരവും മഹത്വവുമായിട്ടുള്ളത്. പക്ഷെ, നശിക്കുന്ന ഈ ഭൗതിക വിഭവങ്ങളേക്കാളും ഇഷ്ടങ്ങളേക്കാളും അല്ലാഹുവിൻെറ ആദരവുകൾക്കും അനുഗ്രഹങ്ങൾക്കും പ്രാമുഖ്യം കൽപ്പിക്കുവാൻ സുരക്ഷിത ബുദ്ധിയും ഉൾകാഴ്ചയുള്ള ക്വൽബും എവിടെയാണ് ഉള്ളത്?

# ഹറാമിനോട് സലഫുകളുടെ ഭയപ്പാട്

## ഒന്ന്: അല്ലാഹുവിൻെറ റസൂൽ ﷺ:

അദ്ദേഹമാണല്ലോ മാനുഷ കുലത്തിന് മാതൃകയും ഹലാലിൻേറയും ഹറാമിൻേറയും ദൂഷ്യഫലങ്ങൾ ജനങ്ങളിൽവെച്ച് ഏറ്റവും അറിയുന്നവരും. കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ട അദ്ദേഹം സംശയാസ്പദമായ കാര്യങ്ങളിൽവരെ ഭയപ്പാടിലായിരുന്നു. അപ്പോൾ ഹറാമിൻെറ വിഷയത്തിൽ അദ്ദേഹത്തിൻെറ ഭയപ്പാട് എത്രയായിരിക്കും? അംറ് ഇബ്നു ശുഅയ്ബ് ﵁ തൻെറ പ്രപിതാവിൽ നിന്നും നിവേദനം: നിശ്ചയം, പ്രവാചകൻ ഒരു രാത്രി ഉറക്കമില്ലാതെ അസ്വസ്ഥനായി. പ്രവാചക പത്നി ചോദിച്ചു: "പ്രവാചകരെ, നിങ്ങൾക്ക് രാത്രി ഉറക്കം നഷ്ടപ്പെട്ടുവോ? അദ്ദേഹം പറഞ്ഞു:

إني وجدت تحت جنبي تمرة فأكلتها وكان عندنا تمر من تمر
الصدقة فخشيت ان تكون منه

((എൻെറ പാർശ്വഭാഗത്തിൻെറ ചുവട്ടിൽനിന്ന് എനിക്ക് ഒരു കാരക്ക ലഭിച്ചിരുന്നു. അപ്പോൾ ഞാൻ അത് എടുത്ത് തിന്നു.. നമ്മുടെ അടുത്താകട്ടെ 'സ്വദക്വഃ' യുടെ വകുപ്പിൽപ്പെട്ട കാ



രക്കകളും ഉണ്ടായിരുന്നു. ഞാൻ കഴിച്ച കാരക്ക അതിൽപ്പെട്ടതാണോ എന്ന് ഞാൻ ഭയന്നു))[1]

അല്ലാഹു അക്ബർ! അല്ലാഹുവിൻെറ റസൂൽ ﷺ തൻെറ വിരിപ്പിൽ വീണുകിടന്ന ഒരു കാരക്ക, തനിക്കും കുടുംബത്തിനും ഹറാമാക്കപ്പെട്ട സ്വദക്വഃയുടെ കാരക്കയായിരിക്കുമെന്ന് ഓർക്കാതെ കഴിക്കുകയും കഴിച്ചശേഷം അത് സ്വദക്വഃയുടേതായിരിക്കുമെന്ന് വിചാരിക്കുകയും ചെയ്തത് കാരണത്താൽ ഉറക്കം നഷ്ടപ്പെട്ട് അസ്വസ്തനായി രാത്രി കഴിച്ചുകൂട്ടി. അപ്പോൾ ഈ ഹദീഥ് വിളിച്ചറിയിക്കുന്ന ആശയവും ദിനം മുഴുവൻ ഹറാമിൽ കഴിച്ചുകൂട്ടി നിഷിദ്ധങ്ങൾ തിന്നുന്നവരും എവിടെ കിടക്കുന്നു? ആരാണോ അല്ലാഹുവിനെ കൂടുതൽ അറിഞ്ഞ് മനസ്സിലാക്കിയത് അയാൾ അല്ലാഹുവെ കൂടുതൽ ഭയക്കുന്നവനായിരിക്കും.

അല്ലാഹുവിൻെറ റസൂൽ ﷺ പറയുന്നു:

إني لأنقلب إلى أهلي فأجد التمرة ساقطة على فراشي
فأرفعها لآكلها ثم أخشى أن تكون صدقة فألقيها

((ഞാൻ കുടുംബത്തിലേക്ക് ചെല്ലും അപ്പോൾ എൻെറ വിരിപ്പിൽ കാരക്ക വീണുകിടക്കുന്നത് ഞാൻ കാണും. അത് കഴിക്കുവാൻ വായിലേക്ക് ഉയർത്തുമ്പോൾ അത് സ്വദക്വഃയാ

[1] മുസ്നദുൽ ഇമാം അഹ്മദ് നോക്കുക. സമാനമായ വേറേയും സംഭവങ്ങൾ കാണാം. ഹദീഥിനെ ശുഅയ്ബ് അൽ അർനാഊത്വ് 'ഹസൻ' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.



ണോ എന്ന് ഭയക്കുകയും (കഴിക്കാതെ) ഞാൻ അത് താഴെ ഇടുകയും ചെയ്യും.))[1]

അതിനാൽ ഹറാമിൻെറ വിഷയത്തിൽ താങ്കൾ ഒരിക്കലും ലാഘവത്വം കാണിക്കരുത്; അത് കുറച്ചായാലും കൂടുതലായാലും ശരി.

## രണ്ട്: അബൂബക്കർ സ്വിദ്ദീക്വ് ﵁:

തൻെറ വേലക്കാരൻ ഭക്ഷണം കൊണ്ടുവരുമ്പോഴെല്ലാം അദ്ദേഹം അത് എവിടെ നിന്നാണ് എന്ന് ചോദിക്കുമായിരുന്നു. ഒരിക്കൽ ഭക്ഷണം കൊണ്ടുവന്നപ്പോൾ ചോദിക്കുവാൻ മറന്നുപോയി. ഭക്ഷിച്ചതിനുശേഷം ചോദിച്ചു.

كنت تكهنت لإنسان في الجاهلية وما أحسن الكهانـــة إلا
أني خدعته فلقيني فأعطاني بذلك فهذا الذي أكلـــت منـــه
فأدخل أبو بكر يده فقاء كل شيء في بطنه

"ഞാൻ ജാഹിലിയ്യാ കാലത്ത് ജോൽസ്യവേലയിൽ നല്ല പിടിപാടില്ലാതിരിന്നിട്ടും ഒരാൾക്കുവേണ്ടി ജോൽസ്യം ചെയ്തു. ഞാൻ അയാളെ പറ്റിക്കുകയാണ് ചെയ്തത്.അയാൾ എന്നെ കണ്ടു. അയാൾ എനിക്ക് അതിന് കൂലി നൽകി. ഈ ഭക്ഷണം അതുകൊണ്ടുള്ളതാണ്. അതോടെ അബൂബക്കർ ത

[1] മുസ്നദുൽ ഇമാം അഹ്മദ് നോക്കുക. ഹദീഥിനെ ശുഅയ്ബ് അൽ അർനാഊത്വ് 'സ്വഹീഹ്' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.



ൻെറ വിരലുകൾ (വായിലേക്ക്) തിരുകി വയറ്റിലുള്ളതെല്ലാം ചർദ്ദിച്ചു.[1]

അബൂബക്കർ സ്വിദ്ദീക്വ് ﵁, ഈ ഭക്ഷണത്തിൻെറ സ്രോതസ്സ് അറിയാതെ കഴിച്ചതിനാൽ ഒഴിവുകിഴിവുള്ളവനാണ്. എന്നിട്ടും, ഹറാമായത് തിന്നാലുള്ള ദുരന്തഫലം അറിഞ്ഞതിനാലാണ് പ്രസ്തുത ഭക്ഷണത്തിൻെറ ഉരുളകൾ തൻെറ ഉള്ളിൽ അവശേഷിക്കുന്നത് അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെടാതിരുന്നത്.

## മൂന്ന്: സഅദ് ഇബ്നു അബീ വക്വാസ് ﵁:

അദ്ദേഹം പറഞ്ഞു:

ما رفعتُ إلى فمي لقمةً إلا وأنا عالمٌ من أين مجيئُها ، ومن
أين خرجت .

"യാതൊരു ഭക്ഷണ ഉരുളയും ഞാൻ എൻെറ വായിലേക്ക് ഉയർത്തിയിട്ടില്ല; എവിടെ നിന്നാണ് അതിൻെറ വരവെന്നും എവിടെ നിന്നാണ് അത് പുറപ്പെട്ടതെന്നും ഞാൻ അറിയാതെ." [2]

## നാല് : വഹബ് ഇബ്നു മുനബ്ബിഹ് رحمه الله

[1] സ്വഹീഹുൽ ബുഖാരി.

[2] ജാമിഉൽ ഉലൂമി വൽ ഹികം.

അദ്ദേഹം പറയുന്നു:

من سرَّه أنْ يستجيب الله دعوته ، فليُطب طُعمته

"അല്ലാഹു തന്റെ ദുആക്ക് ഉത്തരം നൽകണമെന്നതിൽ വല്ലവനും സന്തോഷിക്കുന്നുവെങ്കിൽ അവൻ തന്റെ അന്നം നന്നാക്കട്ടെ." [1]

## അഞ്ച്: വുഹയ്ബ് ഇബ്നു അൽവർദ് ﷺ

അദ്ദേഹം പറയുന്നു:

لو قمتَ مقام هذه السارية لم ينفعك شيء حتى تنظر ما يدخل بطنك حلال أو حرام

"ഈ സൈന്യത്തിന്റെ സ്ഥാനത്താണ് താങ്കൾ നിൽക്കുന്നതെങ്കിലും താങ്കൾക്ക് യാതൊന്നും ഉപകരിക്കില്ല; താങ്കളുടെ വയറ്റിൽ പ്രവേശിക്കുന്നത് ഹലാലാണോ അതല്ല ഹറാമാണോ എന്ന് നോക്കുന്നതുവരെ."[2]

ഇതെല്ലാം ഏതാനും ഉദാഹരണങ്ങൾ മാത്രം. ഹറാമുതിന്നുന്നതിൽ പൂർവ്വികന്മാർ സൂക്ഷ്മത പുലർത്തിയ ചരിത്രങ്ങൾ പാരാവാരം പോലെ പരന്നുകിടക്കുന്നതിൽ നിന്നും ചിലത് മാത്രം. ഹറാമുതിന്നാൽ ഇഹത്തിലും പരത്തിലും ഭവിക്കാ

[1] ജാമിഉൽ ഉലൂമി വൽ ഹികം. ഇബ്നു അബ്ദിൽ ബർറ്

[2] അൽ ഹിൽയഃ, അബൂ നുഐം.



നിരിക്കുന്ന ദുരന്തഫലം അറിഞ്ഞതിനാലായിരുന്നു അവർ ഇപ്രകാരം ചെയ്തിരുന്നത്.

അതിനാൽ വിശ്വാസികൾ ഹറാമ് തിന്നുന്നത് സൂക്ഷിക്കട്ടെ. മാത്രമല്ല, ഹറാമിനു മുമ്പായി സംശയാസ്പദമായതിനെ അവർ സൂക്ഷിക്കട്ടെ. കാരണം സംശയാസ്പദമായതിൽ അകപ്പെട്ടാൽതന്നെ ഹറാമിൽ അകപ്പെട്ടു.

അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു:

فَمَنِ اتَّقَى الشُّبُهَاتِ اسْتَبْرَأَ لِدِينِهِ وَعِرْضِهِ وَمَنْ وَقَعَ فِي الشُّبُهَاتِ وَقَعَ فِي الْحَرَامِ

((വല്ലവനും ശുബ്ഹാത്തുകളെ സൂക്ഷിച്ചാൽ അവൻ തന്റെ ആദർശവും അഭിമാനവും സംരക്ഷിച്ചു. വല്ലവനും ശുബ്ഹാത്തിൽ പതിച്ചാൽ അവൻ ഹറാമിൽ പതിച്ചു.)) [1]

സംശയാസ്പദമായതിനേയും ഹറാമിനേയും സൂക്ഷിക്കലാണ് യഥാർത്ഥ തക്വ്‌വ. ഉമർ ഇബ്നു അബ്ദിൽ അസീസ് ﷺ പറഞ്ഞു:

ليس تقوى الله بصيام النهار ، ولا بقيام الليل ، والتخليط فيما بَيْنَ ذلك ، ولكن تقوى الله تركُ ما حرَّم الله ، وأداءُ ما افترضَ الله ، فمن رُزِقَ بعد ذلك خيراً ، فهو خيرٌ إلى خير.

[1] ബുഖാരി, മുസ്‌ലിം.



"രാത്രി നമസ്കരിക്കലോ പകലിൽ നോമ്പനുഷ്ഠിക്കലോ അവരണ്ടും മാറിമാറി നിർവ്വഹിക്കലോ അല്ല തക്വ്‌വ. പ്രത്യുത, തക്വ്‌വ എന്നാൽ അല്ലാഹു ഹറാമാക്കിയത് ഉപേക്ഷിക്കലും കൽപിച്ചത് നിർവ്വഹിക്കലുമാണ്. പിന്നേയും ഒരാൾക്ക് അനുഗ്രഹം നൽകപ്പെട്ടുവെങ്കിൽ അത് നന്മയിലേക്ക് വീണ്ടും നന്മ ലഭിച്ചതാണ്."[1]

[1] ഇബ്നു അബിദുൻയാ. ജാമിഉൽ ഉലൂമി വൽ ഹികം, ഇബ്നു അബ്ദിൽ ബർറ്.



# ഹറാമുതിന്നുവാൻ: ദുർവ്യാഖ്യാനങ്ങൾ, ദുർന്യായങ്ങൾ, കുതന്ത്രങ്ങൾ.

ചിലർ, ഹറാമായ നിഷിദ്ധ സമ്പാദ്യങ്ങൾ ഒപ്പിച്ചെടുക്കുവാൻ വ്യാഖ്യാനിക്കുകയും ന്യായങ്ങൾ നിരത്തുകയും ചെയ്യും. അല്ലെങ്കിൽ തന്ത്രങ്ങൾ ഒപ്പിച്ച് നിഷിദ്ധ സമ്പാദ്യങ്ങൾ തിന്നുന്നത് അനുവദനീയമാണെന്ന് സ്വന്തത്തിന് ഫത്‌വ നൽകും. ഭൗതികതയോടുള്ള പ്രേമത്താൽ യാഥാർത്ഥ്യത്തിന് മുമ്പിൽ അന്ധത ബാധിച്ച, തിന്മ കൽപിക്കുന്ന, തന്റെ ശരീരവും ദേഹേച്ഛയുമാണ് അവനെ അതിന് പ്രേരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ, ദുർവ്യാഖ്യാനം നടത്തലും ദുർന്യായങ്ങൾ നിരത്തലും തന്ത്രങ്ങൾ മെനയലും യഹൂദികളുടെ വേലത്തരങ്ങളാണ്. വക്രവും വ്യതിചലിച്ചതുമായ വഴികൾ തേടി അല്ലാഹു ﷻ ഹറാമാക്കിയത് അവർ ഹലാലാക്കി. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു:

قَاتَلَ اللَّهُ الْيَهُودَ لَمَّا حَرَّمَ اللَّهُ عَلَيْهِمْ شُحُومَهَا جَمَلُوهُ ثُمَّ بَاعُوهُ فَأَكَلُوهَا

((അല്ലാഹു യഹൂദികളെ ശപിക്കട്ടെ. അല്ലാഹു അവർക്ക് ശവത്തിന്റെ നെയ്യ് ഹറാമാക്കിയപ്പോൾ അവർ അത് ഉരുക്കുക

യും പിന്നീട് വിൽക്കുകയും തിന്നുകയും ചെയ്തു.)[1] നോക്കൂ, യഹൂദികളുടെ വേലത്തരങ്ങളും അല്ലാഹു ഹറാമാക്കിയതിനോടുളള അവരുടെ തന്ത്രം പയറ്റലും. അല്ലാഹു അവർക്ക് ശവം ഹറാമാക്കിയപ്പോൾ അതിൻെറ നെയ്യെടുത്ത് ഉരുക്കിയ ശേഷം അത് വിൽപന നടത്തി കാശാക്കി, ആ കാശ് അവർ തിന്നു. ഇപ്രകാരമാണ് ഇന്ന് ഹറാമ് തിന്നുന്ന പലരും. അല്ലാഹുവിങ്കൽ യാതൊരു നിലക്കും ഉപകാരിക്കാത്ത തന്ത്രങ്ങളും വ്യാഖ്യാനങ്ങളും ന്യായങ്ങളുമാണ് അവർ നടത്തുന്നത്. അത്തരം കാര്യങ്ങളുടെ രൂപങ്ങളും ഉദാഹരണങ്ങളും ധാരാളമാണ്. ചിലത് മാത്രം താഴെ സൂചിപ്പിക്കുന്നു:

**ഒന്ന്:** ചിലർ പലിശ ലഭിക്കാനായി തന്ത്രം മെനയും. ഒരു ചരക്ക് അവധിവെച്ച് വിൽക്കുകയും ശേഷം വാങ്ങിയവനിൽനിന്ന് വിറ്റവൻതന്നെ കുറഞ്ഞവിലക്ക് തിരിച്ച് വാങ്ങി കാശ് റൊക്കം നൽകുകയും ചെയ്യും. ചരക്ക് ചിലപ്പോൾ പെട്ടികളിലോ കീസുകളിലോ സാങ്കൽപികമായിരിക്കും. വാങ്ങുന്നവൻ അതിന്മേൽ കൈവെച്ചുകൊണ്ട് പറയും: ഞാൻ വാങ്ങി. ശേഷം അയാൾതന്നെ പറയും: ഞാൻ വിറ്റു. ഇതാണ് പലിശയും നിഷിദ്ധമായ ഈനത്തും(ബൈയ്ഉൽ ഈനഃ). അല്ലാഹുവിനോടും റസൂലിനോടും യുദ്ധം പ്രഖ്യാപിക്കലാണ് പലിശ. എന്നാൽ ഈ തന്ത്രം നിഷിദ്ധത്തിന് നെറികേടും വ്യക്തമായ പാപവും മാത്രമേ വർദ്ധിപ്പിക്കുകയുള്ളൂ.

[1] ബുഖാരി.



**രണ്ട്:** ഇടപാടുകൾ എളുപ്പമാക്കുന്നതിനും, അർഹരായവരേക്കാൾ അനർഹരായവരെ മുന്തിപ്പിക്കുന്നതിനും പകരമായി കൈകൂലി സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ. പകരം പറ്റുന്നതിന് ഹദ്യ്(സമ്മാനം) എന്ന് നാമകരണം നല്കപ്പെടും. ഇതു തന്നെയാണ് കൈകൂലി. കൈകൂലി വാങ്ങുന്നവനെ അല്ലാഹുവിൻെറ റസൂൽ ﷺ ശപിച്ചിരിക്കുന്നു. അബൂഹുറയ്റ ﷺ വിൽനിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ ഇപ്രകാരം കാണാം: അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

(( لَعَنَ اللهُ الرَّاشِي وَالْمُرْتَشِي فِي الْحُكْمِ ))

((അനുകൂല വിധിലഭിക്കുവാൻ കൈക്കൂലി കൊടുക്കുന്നവനേയും വാങ്ങുന്നവനേയും അല്ലാഹു ശപിച്ചിരിക്കുന്നു.))[1]

**മൂന്ന്:** ഗവൺമെൻറ് സ്ഥാപനങ്ങളും, പ്രൈവറ്റ് സ്ഥാപനങ്ങളും, ദഅ്വാ, റിലീഫ് ആൻറ് എയ്ഡ് സെൻററുകളുമൊക്കെ സാധനങ്ങൾ പർച്ചീസിങ്ങിന് ഏൽപ്പിക്കുന്ന വ്യക്തികൾ ചില കച്ചവട സ്ഥാപനങ്ങളെ പർച്ചീസ് ചെയ്യുവാൻ പ്രത്യേകമാക്കുന്നു; പ്രസ്തുത കച്ചവട സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതിനു പകരം കൈമടക്ക് ലഭിക്കുന്നതിനാലാണത്. ഇത് നിഷിദ്ധവും മോശവുമായ സമ്പാദന മാർഗ്ഗമാകുന്നു. അത് തിന്നുന്നവൻ ഹറാമാണ് തിന്നുന്നത്.

[1] അഹമദ് 2: 387, അൽബാനി, സ്വഹീഹുൽ ജാമിഅ്: 5069



ചിലർ, ദഅ്വാ സ്ഥാപനങ്ങളിലും റിലീഫ് ആൻറ് എയ്ഡ് സെൻററുകളിലും വേതനമില്ലാതെ സേവനസന്നദ്ധനായി (മുഹ്തസിബായി) ജോലിചെയ്യുകയും കാശും മറ്റ് സാധനസാമഗ്രികളും കച്ചവടക്കാരിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുകയും ചെയ്യും. ഇത്തരമാളുകൾ ധനശേഖരണ സന്ദർഭത്തിൽ നൽകപ്പെടുന്ന സമ്മാനങ്ങൾ തനിക്കായി സ്വീകരിക്കുന്നു. എന്നാൽ അത് തനിക്ക് നിഷിദ്ധമാണെന്ന വിധി അയാൾക്ക് അജ്ഞമാണ്. അല്ലെങ്കിൽ ഭൗതികതയോടുള്ള താൽപര്യവും ദേഹേച്ഛയും അയാൾ അത് തനിക്കാക്കാൻ കാരണമാകുന്നു. ഇത് അയാൾക്ക് അനുവദനീയമല്ലെന്ന് മാത്രമല്ല തന്നെ വിശ്വസിച്ച് പിരിവിന് ഏൽപ്പിച്ചവരിലേക്ക് തിരിച്ചേൽപിക്കൽ നിർബന്ധവുമാകുന്നു.

ചിലർ, തൻെറ സമയവും അദ്ധ്വാനവും വാഹനവും മറ്റും പിരിവിനിറങ്ങുവാനായി വിനിയോഗിച്ചിട്ടുണ്ട് അതിനാൽ അതിന് പകരമായി ഇത്തരം സമ്മാനങ്ങൾ സ്വീകരിക്കൽ തനിക്ക് അനുവദനീയമാകുമെന്ന് ന്യായം പറയാറുണ്ട്. അത്തരം ന്യായവാദക്കാരോട് പറയുവാനുള്ളത്, താങ്കൾ വേതനമില്ലാതെ സേവനസന്നദ്ധനായി(മുഹ്തസിബായാണ്) ജോലി ചെയ്തത്. താങ്കളുടെ പ്രതിഫലം അല്ലാഹുവിൻെറ അടുക്കൽമാത്രമാണ്. അത്തരം സമ്മാനങ്ങൾ എടുക്കൽ താങ്കൾക്ക് ഒരിക്കലും അനുവദനീയമല്ല. താങ്കൾ താങ്കളുടെ അദ്ധ്വാനത്തിന് പകരം താൽപര്യപ്പെടുന്നുവെങ്കിൽ അത് പിരിവിനേൽപിച്ച സ്ഥാപന മേധാവികളുടെ മുമ്പിൽ അവതരിപ്പിക്കുക. എനിക്ക് അദ്ധ്വാനത്തിന് ഇത്ര കൂലി വേണം. അവർ താങ്കളിൽ ഗുണം കാണുകയും കൂലി തരാമെന്നേൽക്കുകയും ചെയ്താൽ താങ്കൾക്ക് അത് സ്വീകരിക്കാം. എന്നാൽ സേവകനായി പുറമേ പ്രവർത്തിക്കുകയും സംഭാവനകളിൽനിന്ന് ഒ



രു വിഹിതം എടുക്കുകയോ നിശ്ചയിക്കുകയോ ചെയ്താൽ അത് തനിക്ക് ഒരു നിലക്കും അനുവദനീയമാകില്ല. ഈ വിഷയത്തിൽ വ്യക്തമായ തെളിവ് നൽകുന്ന ഇബ്നുല്ലത്ബിയ്യയുടെ സംഭവം ഇങ്ങനെ വായിക്കാം:

استعمل النبي ﷺ رجلا من الأزد يقال له بن اللتبية على صدقة فجاء فقال هذا لكم وهذا أهدى لي فقام رسول الله ﷺ على المنبر فقال ما بال العامل نبعثه فيجيء فيقول هذا لكم وهذا أهدى لي أفلا جلس في بيت أبيه وأمه فينظر أيهدي إليه أم لا والذي نفس محمد بيده لا يأتي أحد منكم منها بشيء الا جاء به يوم القيامة على رقبته ان كان بعيرا له رغاء أو بقرة لها خوار أو شاة تيعر ثم رفع يديه حتى رأينا عفرة يديه ثم قال اللهم هل بلغت ثلاثا

നബി ﷺ അസ്ദ് ഗോത്രത്തിലെ ഇബ്നു ല്ലത്ബിയ്യഃ എന്ന് പറയപ്പെടുന്ന വ്യക്തിയെ സ്വദഖഃ മുതൽ ശേഖരിക്കുവാൻ നിയോഗിച്ചു. ശേഖരണ ശേഷം അയാൾ വന്നു. എന്നിട്ട് പ്രവാചകനോട് ﷺ പറഞ്ഞു: "ഇത് നിങ്ങൾക്കാകുന്നു,

ഇത് എനിക്ക് സമ്മാനമായി നൽകപ്പെട്ടതാകുന്നു." അപ്പോൾ പ്രവാചകൻ ﷺ മിമ്പറിൽ കയറിയിട്ട് പറഞ്ഞു: ഉദ്യോഗസ്ഥർക്ക് എന്തു പറ്റി? നാം അയാളെ (സ്വദകഃ പിരിക്കുവാൻ) നിയോഗിക്കുന്നു. പിരിവിന് ശേഷം അയാൾ വന്നുകൊണ്ട് പറയുന്നു. ഇത് നിങ്ങൾക്കുള്ളതാണ് ഇത്രയും എനിക്ക് ഹദ്‌യഃ(ഗിഫ്റ്റ്) നൽകപ്പെട്ടതാണ്. അയാളുടെ വീട്ടിലിരുന്നാൽ തനിക്ക് ഹദ്‌യഃ നൽകപ്പെടുമോ, ഇല്ലയോ എന്ന് അയാൾക്ക് നോക്കിക്കൂടേ? എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണ് (അല്ലാഹുവാണ്) സത്യം, അത്തരം കാര്യങ്ങൾ നിങ്ങളിൽനിന്നും ചെയ്യുന്നവൻ അന്ത്യനാളിൽ വരുകതന്നെ ചെയ്യും. ഹദ്‌യഃയാ(ഗിഫ്റ്റാ)യി ലഭിച്ചത് ഒട്ടകമാണെങ്കിൽ അത് അവന്റെ പിരടിയിൽ ചുമന്നാണ് അവൻ വരിക. ആ ഒട്ടകത്തിന് അലറിക്കരയുന്ന ശബ്ദമുണ്ടാകും. പശുവാണെങ്കിൽ അതിന് അമർച്ചയുണ്ടാകും. ആടാണെങ്കിൽ അതിന് കരച്ചിലുമുണ്ടാകും. ശേഷം പ്രവാചകൻ ﷺ തന്റെ ഇരുകരങ്ങളും ഞങ്ങൾ കക്ഷത്തിന്റെ (വെളുപ്പും ചുവപ്പും കലർന്ന) നിറം കാണുവോളം ഉയർത്തി. എന്നിട്ട് അദ്ദേഹം പറഞ്ഞു: ((അല്ലാഹുവെ ഞാൻ എത്തിച്ചു നൽകിയില്ലെ?)) മൂന്ന് തവണ അദ്ദേഹം ഇത് ആവർത്തിച്ചു.

മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം:

« هَدَايَا الْعُمَّال غُلُولٌ »



((ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന ഹദ്‌യഃകൾ(ഗിഫ്റ്റുകൾ) ചതി മുതലുകളാകുന്നു.)) [1]

ശുപാർശക്ക് ഗിഫ്റ്റ് സ്വീകരിക്കലും ഈ വകുപ്പിലാണ് ഉൾപ്പെടുക. തന്റെ സ്ഥാനമാനങ്ങൾ കാരണത്താൽ അനുവദനീയമായ വിഷയത്തിൽ മറ്റൊരാൾക്ക് വേണ്ടി ശുപാർശ പറയൽ നല്ല കാര്യമാണ്. ഈ വിഷയത്തെ സംബന്ധിച്ച് പ്രവാചകൻ ﷺ പറഞ്ഞു:

« اشْفَعُوا تُؤْجَرُوا ، وَيَقْضِي اللَّهُ عَلَى لِسَانِ نَبِيِّهِ – صلى الله عليه وسلم – مَا شَاءَ »

((നിങ്ങൾ ശുപാർശ പറയുക, നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും. അല്ലാഹു തന്റെ പ്രവാചകന്റെ നാവിലൂടെ അവൻ ഇഷ്ടപ്പെടുന്നത് വിധിക്കുന്നു)) [2]

എന്നാൽ, ഈ ശുപാർശക്ക് പകരമായി യാതൊന്നും സ്വീകരിക്കുവാൻ പാടുള്ളതല്ല. പ്രവാചകൻ ﷺ പറഞ്ഞു: അബൂ ഉമാമഃ رضي الله عنه യിൽനിന്ന് നിവേദനം:

«مَنْ شَفَعَ لِأَحَد شَفَاعَةً، فَأَهْدَى لَهُ هَدِيَةً [عَلَيْهَا] فَقَبِلَهَا[مِنْهُ] فَقَدْ أَتَى بَاباً عَظِيماً مِنْ أَبْوَابِ الرِّبَا»

[1] അഹമദ്, ശൈഖ് അൽബാനി ഹദീഥിനെ 'സ്വഹീഹ്' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. സ്വഹീഹുൽ ജാമിഅ് നോക്കുക.
[2] ബുഖാരി, മുസ്‌ലിം.



(ഒരാൾ ആർക്കെങ്കിലും ഒരു ശുപാർശ ചെയ്യുകയും എന്നിട്ട് (ശുപാർശകന് പ്രതിഫലമായി) ഒരു ഗിഫ്റ്റ് സമർപ്പിക്കുകയും അവനത് സ്വീകരിക്കുകയും ചെയ്താൽ പലിശയുടെ പല കവാടങ്ങളിൽ കഠിനമായതിലാണ് അവൻ എത്തിപ്പെട്ടത്.) [1]

എന്നാൽ ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ഒരു സംഖ്യ കൂലി നിശ്ചയിച്ച് തന്റെ ഇടപാടുകൾ തീർക്കുവാനും അവയുടെ ഫോളോപ്പിനും നിശ്ചയിക്കുന്നു. അയാൾ തന്റെ അദ്ധ്വാനത്തിന് കൂലി സ്വീകരിച്ചാൽ കുഴപ്പമില്ല. ഇവിടെ 'ശഫാഅത്തി'നും 'ഇജാറത്തി'നും കാര്യങ്ങൾ കൂടിക്കുഴയാൻ പാടില്ല.

**നാല്:** ബിസിനസുകാരിൽ നിന്നും സക്കാത്തും സ്വദകാത്തുകളും ശേഖരിക്കുന്നവർ അവയിൽ നിന്ന് തങ്ങൾക്ക് എടുക്കുമ്പോൾ രണ്ടാൽ ഒരു ന്യായമാണ് പറയുക:

1. ഞാൻ സാധുവാണ്. ഈ മുതലിന് ഞാൻ അർഹനാണ്. ഞാനും ഇത് നൽകപ്പെടുന്നവനും ഒരുപോലെയാണ്. എന്നാൽ, ഈ മുതൽ അയാൾക്ക് അനുവദനീയമാകില്ല. കാരണം, അയാൾ സാധുക്കൾക്ക് വേണ്ടിയാണ് ഈ മുതൽ പിരിച്ചെടുത്തത്; സ്വന്തത്തിനല്ല. പിരിവുകാരൻ സാധുവാണെങ്കിൽ അവൻ സമ്പത്തിന്റെ ഉടമയോട് കാര്യം പറയുകയും അയാൾ നൽകുകയും ചെയ്യട്ടെ. പിരിച്ചെടുത്ത പണം അയാൾ സ്വന്തത്തിനായി എടുക്കുവാൻ പാടില്ല.

[1] അഹ്മദ് 5: 261, അൽബാനി, സ്വഹീഹുൽജാമിഅ്:6292



2. അല്ലാഹു ﷻ സകാത്ത് മുതലിൽനിന്ന് അതിന് പണിയെടുക്കുന്നവർക്ക് ഒരു വിഹിതം നിശ്ചയിച്ചിട്ടുണ്ട്. ഞാൻ അതിൽ ജോലി ചെയ്യുന്നവനാണ്. അതുകൊണ്ട് എനിക്ക് പിരിവിൽ നിന്നെടുക്കാം. ഇതും പാടില്ല. കാരണം, ഭരണാധികാരി നിശ്ചയിച്ച വ്യക്തിക്ക് ഭരണാധികാരി നിശ്ചയിച്ച വിഹിതമാണുണ്ടാവുക. എന്നാൽ ഇയാൾ സ്വയം സന്നദ്ധനായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പിരിവിനിറങ്ങിയവനാണ്. അതിനാൽ പിരിവിൽനിന്ന് അവനെടുക്കുവാൻ പാടില്ല. കാരണം അയാൾ സകാത്തിന്റെ ജോലിക്കാരിൽ പെട്ടവനല്ല.

**അഞ്ച്:** ക്ഷേമപ്രവൃത്തികൾ നടത്തുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ചിലർ, ഉത്തരവാദപ്പെട്ടവർ അറിയാതെ അവിടെനിന്നും പണമെടുക്കും. ചോദിക്കപ്പെട്ടാൽ അവർ പറയും: 'സ്ഥാപനത്തിൽ എത്തിപ്പെടുവാൻ കഴിയാത്ത ദരിദ്രർക്കുവേണ്ടി ഞാൻ എടുത്തതാണ്. അയാൾ സത്യസന്ധനും പറയുന്നത് ശരിയുമാണെങ്കിൽ പോലും ഇത് അനുവദനീയമല്ല. കാരണം, സ്ഥാപനം വ്യവസ്ഥകൾ വെച്ചതനുസരിച്ചും ഉത്തരവാദികളുടെ അറിവോടുകൂടിയും സാധുക്കൾക്ക് പ്രസ്തുത സഹായധനം വീതിക്കുവോളം അത് അയാൾ സൂക്ഷിക്കൽ അയാൾക്ക് നിർബന്ധമാണ്. ഇതാണ് അയാളുടെ ദീനും അഭിമാനവും സൂക്ഷിക്കുവാൻ കരണീയമായിട്ടുള്ളത്. നിശ്ചയം, അല്ലാഹു 'ത്വയ്യിബാ'ണ്, നല്ലതുമാത്രമേ അവൻ സ്വീകരിക്കുകയുള്ളു എന്നത് അയാൾ അറിയേണ്ടതുണ്ട്. പ്രസ്തുത സ്ഥാപനത്തിൽനിന്ന് അവൻ തട്ടിയെടുക്കുന്നത് ശരിയല്ലാത്ത പ്രവൃത്തിയാണ്. അതിനാൽ അത് അല്ലാഹു സ്വീ

കരിക്കുകയില്ല. ഇമാം ഹസനുൽ ബസ്വരി رحمه الله പറഞ്ഞു: "സാധുക്കളോടുള്ള കാരുണ്യത്താൽ ധർമ്മം ചെയ്യുന്ന മനുഷ്യാ, താങ്കൾ അന്യായം കാണിക്കുന്ന സ്വന്തത്തോട് കരുണ കാണിച്ചാലും." അഥവാ അനുവദനീയമല്ലാത്ത നിലയിൽ സമ്പാദിക്കുകയും എന്നിട്ടത് ദാനം ചെയ്യുകയും ചെയ്തതിനാൽ താങ്കളോടുതന്നെ താങ്കൾ അതിക്രമം കാണിച്ചിരിക്കുകയാണ്. പണ്ടൊരാൾ ഇപ്രകാരം പാടി:

ലൈംഗിക തൊഴിലെടുത്തുകൊണ്ടനാഥകൾതൻ
പട്ടിണിയകറ്റുന്നവളേ,
നിനക്കു നാശം. നീ വ്യഭിചരിക്കാതിരുന്നാലും,
ദാനം നൽകാതിരുന്നാലും.

**ആറ്:** രാഷ്ട്രത്തിൻെറ വസ്തുവകകളുടെ ഉത്തരവാദിത്തം ചില ഉദ്യോഗസ്ഥർക്കായിരിക്കും. പ്രസ്തുത വസ്തുവകകൾ സ്റ്റേറ്റ് ട്രഷറിയുടേതായതിനാൽ തനിക്കും ഇതിൽ ഒരു വിഹിതമുണ്ട് എന്ന് ന്യായം പറഞ്ഞ് അതിൽനിന്ന് എടുത്ത് തനിക്കായി ഉപയോഗിക്കും. ഇത് ഇബ്‌ലീസിൻെറ വസ്‌വാസുണ്ടാക്കലും ദേഹേച്ഛയും, തന്നിഷ്ടവും, തിന്മ കൽപ്പിക്കുന്ന മനസിൻെറ പ്രേരണയുമാണ്. ഇത്തരം ഉദ്യോഗസ്ഥർ ആ സ്വത്തിൻെറ കാവലാളുകളാണെന്ന് അവർ അറിയേണ്ടതുണ്ട്. അതിൽനിന്ന് വല്ലതുമെടുത്താൽ അവൻ കൊടിയ ചതിയനാണ്. ഈ വഞ്ചിച്ചെടുക്കലിനെ കുറിച്ചത്രേ അല്ലാഹു ﷻ പറഞ്ഞത്:



﴿وَمَن يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ الْقِيَامَةِ ۚ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ﴾

**﴾...വല്ലവനും വഞ്ചിച്ചെടുത്താൽ താൻ വഞ്ചിച്ചെടുത്ത സാധനവുമായി ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവൻ വരുന്നതാണ്. അനന്തരം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചുവെച്ചതിന്റെ ഫലം പൂർണ്ണമായി നൽകപ്പെടും. അവരോട് ഒരു അനീതിയും കാണിക്കപ്പെടുന്നതല്ല.﴿** (വി. ക്വു. ആലു ഇംറാൻ : 161)

ഈ കൃത്യം നിഷിദ്ധമാണെന്ന് വ്യക്തമാക്കുന്ന, കേൾക്കുമ്പോൾ ഹൃദയത്തെ പേടിപ്പിക്കുന്ന ഒരു സംഭവം താങ്കൾ വായിക്കുക: അബ്ദുല്ലാഹ് ഇബ്നു അംറിൽ رضي الله عنه നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:

كَانَ عَلَى ثَقَلِ النَّبِيِّ – ﷺ – رَجُلٌ يُقَالُ لَهُ كِرْكِرَةُ فَمَاتَ ، فَقَالَ رَسُولُ اللَّهِ – ﷺ – « هُوَ فِي النَّارِ » . فَذَهَبُوا يَنْظُرُونَ إِلَيْهِ فَوَجَدُوا عَبَاءَةً قَدْ غَلَّهَا.

"അല്ലാഹുവിൻെറ റസൂൽ ﷺ ൻെറ ഒട്ടകത്തെ, യുദ്ധത്തിൽ പിടിച്ചിരുന്ന ഒരു വ്യക്തിയുണ്ടായിരുന്നു. അയാൾ 'കിർകിറ'യെന്നാണ് വിളിക്കപ്പെട്ടിരുന്നത്. അയാൾ മരണപ്പെട്ടു. അപ്പോൾ നബി ﷺ പറഞ്ഞു: ((അയാൾ നരകത്തിലാണ്)) സ്വഹാബികൾ അയാളെ നോക്കുവാൻ പോയി.



അപ്പോൾ അയാൾ ഒരു വസ്ത്രം പറ്റിച്ചെടുത്തത് അവർ കണ്ടു." [1]

ജിഹാദിൽ പ്രവാചകൻെറ ﷺ സഹായിയായ ഈ മനുഷ്യനെ നോക്കുക. അയാൾ ഒരു വസ്ത്രം വഞ്ചിച്ചെടുത്തതിനാൽ നരകത്തിൽ പ്രവേശിച്ചു. അതിനാൽ വഞ്ചിച്ചെടുക്കുന്നത് സൂക്ഷിക്കുക. കാരണം അത് ഇഹത്തിലും പരത്തിലും ആക്ഷേപമാണ്; നരകത്തീയുമാണ്. അല്ലാഹുവേ, ഞങ്ങൾ നിൻെറ രക്ഷയും സൗഖ്യവും തേടുന്നു...

**ഏഴ്:** ചിലർ സമ്പത്ത് തൻേറതാക്കാൻ ജഡ്ജി തനിക്കനുകൂലമായി വിധിച്ചതാണെന്ന് ന്യായം പറയും. യഥാർത്ഥത്തിൽ അയാൾക്ക് അനുവദനീയമല്ലാത്ത സ്വത്തിനെയാണ് കോടതി വിധികൊണ്ട് അയാൾ തനിക്ക് അനുവദനീയമാക്കുന്നത്. എന്നാൽ കോടതിയിൽ സത്യം മറച്ചുവെച്ചും കള്ളം അവതരിപ്പിച്ചും വിധി തനിക്കനുകൂലമാക്കും. ജഡ്ജി തനിക്കനുകൂലമായാണ് വിധിച്ചതെങ്കിലും ഹറാമായ സമ്പത്ത് ഒരിക്കലും അനുവദനീയമാകില്ലെന്ന് അവൻ അറിയട്ടെ. തൻെറ സഹോദരൻെറ സമ്പത്ത് ഈ രീതിയിൽ കവർന്നെടുക്കൽ അവന് അനുവദനീയമാകില്ല. അല്ലാഹു ﷻ പറഞ്ഞു:

﴿وَلَا تَأْكُلُوا أَمْوَالَكُم بَيْنَكُم بِالْبَاطِلِ وَتُدْلُوا بِهَا إِلَى الْحُكَّامِ لِتَأْكُلُوا فَرِيقًا مِّنْ أَمْوَالِ النَّاسِ بِالْإِثْمِ وَأَنتُمْ تَعْلَمُونَ﴾

[1] ബുഖാരി.



**﴾അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടുതന്നെ, ആളുകളുടെ സ്വത്തുക്കളിൽനിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്.﴿** (വി. ക്വു. അൽ ബക്വറ : 188)

വിധിപറയുന്ന ജഡ്ജി ഗവേഷണം നടത്തി ശരിയായാൽ അയാൾക്ക് രണ്ട് പ്രതിഫലമുണ്ട്. ഗവേഷണം തെറ്റിപ്പോയാൽ അയാൾക്ക് ഒരു പ്രതിഫലവുമുണ്ട്. അയാളുടെ തെറ്റ് മാപ്പാക്കപ്പെടുന്നതാണ്. എന്നാൽ, ജഡ്ജിയുടെ മുന്നിൽ കാര്യങ്ങൾ തലതിരിക്കുന്ന, എതിരാളിയോട് തർക്കത്തിൽ കൂടുതൽ വാചാലനാകുന്ന, തൻെറ നിരർത്ഥകത മോടികൂട്ടി അലംകൃതനാകുന്ന ഇയാൾ വ്യക്തമായ പാപിയാണ്. ചിലപ്പോൾ, അയാളുടെ പ്രതിയോഗി ദുർബലനും സത്യം തൻെറ കൂടെയായിട്ടും ഉദ്ദേശം വിവരിക്കുന്നതിൽ പ്രാപ്തിയില്ലാത്തവനുമായിരിക്കും. ഒരു കവി പാടി:

ചമൽകൃത ഭാഷ്യം അസത്യത്തിന് മോടി കൂട്ടിടും.
മോശമാം ആഖ്യാനമോ സത്യത്തെ തമസ്കരിച്ചിടും.

കോടതി മുറിയിൽ സത്യവും അസത്യവും കൂട്ടികലർത്തി, ജഡ്ജിയുടെ മുന്നിൽ കള്ളം കെട്ടിച്ചമച്ച്, തൻെറ പൈശാചിക ന്യായങ്ങൾ കൊണ്ട് പ്രതിയോഗിയെ അടക്കിവാണ്, അതിൽ അഭിമാനിക്കുകയും താൻ ചെയ്തത് അനുവദനീയമായി കാണുകയും ചെയ്യുന്നു ഇയാൾ. അതിനാലാണ് ഇയാൾ പാപപങ്കിലനാകുന്നത്. മാത്രമല്ല, ചിലർ ഇത്തരം പ്രവൃത്തികളെ ബുദ്ധിയും പ്രതിഭയും ധിര

തയും തൻെറ പ്രതിയോഗിയെ കീഴൊതുക്കലുമായി കാണുകയാണ്. അല്ലാഹുവിങ്കൽ താർക്കികന്മാർ സമ്മേളിക്കുന്നതാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴿٣٠﴾ ثُمَّ إِنَّكُمْ يَوْمَ الْقِيَامَةِ عِندَ رَبِّكُمْ تَخْتَصِمُونَ ﴾

﴿തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ വെച്ച് വഴക്ക് കൂടുന്നതാണ്.﴾(വി. ക്വു. സുമർ :30,31)

ഹറാമായ സമ്പാദ്യങ്ങൾ ഒപ്പിച്ചെടുക്കുവാൻ നടത്തപ്പെടുന്ന വ്യാഖ്യാനങ്ങളുടേയും ന്യായങ്ങളുടേയും ചില ഉദാഹരണങ്ങൾ മാത്രമാണ് ഇത്. ക്ലിപ്തി നിർണയം ഉദ്ദേശമല്ല. ദുർബല വിശ്വാസികളും നശ്വരമായ ഈ ദുനിയാവിനാൽ പരിക്ഷിക്കപ്പെട്ടവരും നിഷിദ്ധങ്ങൾ അനുവദനീയമാക്കുവാൻ നിരത്തുന്ന വ്യാഖ്യാനക്കസർത്തുകൾ, തന്ത്രങ്ങൾ, ന്യായങ്ങൾ എന്നിവയാൽ നിറഞ്ഞുനിൽക്കുന്നു ഇന്നത്തെ ഭൗതിക സാഹചര്യം. ഇത്തരക്കാർ ജൂത-ക്രൈസ്തവരുടെ ചര്യകളെയാണ് അനുഗമിക്കുന്നത്. എന്നാൽ, അല്ലാഹുവിൻെറ സന്നിധിയിൽ നിൽക്കേണ്ടിവരും എന്നത് അവർ അറിഞ്ഞുകൊള്ളട്ടെ. അല്ലാഹുവിന് യാതൊന്നും ഗോപ്യമാകില്ല തന്നെ.

അല്ലാഹു ﷻ പറഞ്ഞു:

﴿ يَعْلَمُ خَائِنَةَ الْأَعْيُنِ وَمَا تُخْفِي الصُّدُورُ ﴾



﴿കണ്ണുകളുടെ കള്ളനോട്ടവും, ഹൃദയങ്ങൾ മറച്ച് വെക്കു ന്നതും അവൻ (അല്ലാഹു) അറിയുന്നു.﴾(വി. ക്വു. ഗാഫിർ :19)

നിഷിദ്ധങ്ങൾ അനുവദനീയമാക്കുവാൻ നിരത്തുന്ന ഇത്തരം വ്യാഖ്യാനക്കസർത്തുകൾ, തന്ത്രങ്ങൾ, ന്യായങ്ങൾ എന്നിവയാൽ ദുനിയാവിൽ ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കു വാൻ അവർക്ക് സാധിച്ചാലും പരലോകത്ത് തങ്ങൾ വ്യാജ വാദികളായിരുന്ന കാര്യം അവർ അറിയുന്നതാണ്.

അല്ലാഹു ﷻ പറഞ്ഞു:

﴿ يَوْمَ يَبْعَثُهُمُ اللَّهُ جَمِيعًا فَيَحْلِفُونَ لَهُ كَمَا يَحْلِفُونَ لَكُمْ وَيَحْسَبُونَ أَنَّهُمْ عَلَىٰ شَيْءٍ أَلَا إِنَّهُمْ هُمُ الْكَاذِبُونَ ﴾

﴿അല്ലാഹു അവരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കുന്ന ദിവസം. നിങ്ങളോടവർ ശപഥം ചെയ്യുന്നത് പോലെ അവനോടും അവർ ശപഥം ചെയ്യും. തങ്ങൾ (ഈ കള്ള സത്യം മുലം) എന്തോ ഒന്ന് നേടിയതായി അവർ വിചാരിക്കുകയും ചെയ്യും. അറിയുക: തീർച്ചയായും അവർ തന്നെയാകുന്നു കള്ളം പറയുന്നവർ﴾ (വി. ക്വു. അൽ മുജാദിലഃ :18)



## നിഷിദ്ധ സമ്പാദ്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നത് എങ്ങിനെ ?

## തൗബ ചെയ്യുന്നത് എങ്ങിനെ ?

സൃഷ്ടാവിനോടുള്ള അവകാശങ്ങളിലാണ് ദാസന് തെറ്റ് വന്നുപോയതെങ്കിൽ പശ്ചാതപിക്കുവാൻ(തൗബ ചെയ്യുവാൻ) മൂന്ന് നിബന്ധനകൾ ഉണ്ടെന്നത് സുവിദിതമാണ്:

1. തെറ്റിൽനിന്നും പൂർണ്ണമായി വിരമിക്കുക.
2. വന്നുപോയ തെറ്റിൽ അതിയായി ഖേദിക്കുക.
3. തെറ്റിലേക്ക് മടങ്ങില്ലെന്ന് ദൃഢമായി തീരുമാനിക്കുക.

എന്നാൽ സൃഷ്ടികളോടുള്ള അവകാശങ്ങളുമായാണ് തെറ്റ് ബന്ധപ്പെട്ടതെങ്കിൽ ഈ മൂന്ന് നിബന്ധനകൾക്കൊപ്പം നാലാമത് ഒരു നിബന്ധനകൂടി തൗബക്ക് അനിവാര്യമാണ്. അവകാശങ്ങൾ സാമ്പത്തികമാണെങ്കിൽ അർഹരായവർക്ക് തിരിച്ചേൽപ്പിക്കുക എന്നതത്രേ അത്. അവകാശങ്ങൾ സാമ്പത്തികമല്ലാത്തവയാണെങ്കിൽ അവരോട് മാപ്പുചോദിച്ച് തന്നെ ബാധ്യതാമുക്തനാക്കുവാൻ ആവശ്യപ്പെടുക.

അപ്പോൾ, നിഷിദ്ധങ്ങൾ തിന്നതിൽനിന്ന് തൗബ ചെയ്യുമ്പോൾ നിബന്ധനകൾ മൂന്നെണ്ണം മാത്രം മതിയാകില്ല. പ്രത്യുത, നിഷിദ്ധ സമ്പത്തുക്കളിൽനിന്ന് തടി സലാമത്താക്കു



മുതലാണെങ്കിൽ അതിൽനിന്നും തൗബ ചെയ്യേണ്ടുന്ന വിധം അല്ലാഹു ﷻ പറഞ്ഞ് തന്നു:

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَذَرُوا مَا بَقِيَ مِنَ الرِّبَا إِن كُنتُم مُّؤْمِنِينَ ﴿٢٧٨﴾ فَإِن لَّمْ تَفْعَلُوا فَأْذَنُوا بِحَرْبٍ مِّنَ اللَّهِ وَرَسُولِهِ وَإِن تُبْتُمْ فَلَكُمْ رُءُوسُ أَمْوَالِكُمْ لَا تَظْلِمُونَ وَلَا تُظْلَمُونَ ﴾

﴿സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു കയും, പലിശവകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയു കയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർത്ഥ) വിശ്വാസിക ളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പക്ഷത്തു നിന്ന് (നിങ്ങ ൾക്കെതിരിലുള്ള) സമര പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞുകൊ ള്ളുക. നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കു തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്.﴾ (വി. ക്വു. അൽബക്വറഃ :278,279)

ചതി, മോഷണം, വെട്ടിപ്പ് തുടങ്ങിയ രീതികളിലൂടെയാണ് നിഷിദ്ധങ്ങൾ സമ്പാദിച്ചതെങ്കിൽ അവ അതിൻെറ അവകാശികൾക്ക് തിരിച്ചേൽപ്പിക്കൽ നിർബന്ധമാണ്. സ്വ ത്തിൻെറ ഉടമ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അനന്തരാവകാശിക ൾക്ക് അത് മടക്കി നൽകണം. വേണ്ടത്ര ശ്രമിച്ചിട്ടും സ്വത്തി ൻെറ അവകാശികളെ കണ്ടെത്താനായില്ലെങ്കിൽ സ്വത്തിൻെറ അവകാശികളുടെപേരിൽ അവ സ്വദക്വഃ ചെയ്യണമെന്നാണ് പണ്ഡിതർ പറയുന്നത്. പ്രസ്തുത സ്വദക്വഃ തൻെറ

ന്നവൻ സ്വീകരിക്കുകയുള്ളൂ. സ്വദക്വ ചെയ്യുവാൻ പറഞ്ഞ ത് അതിൽനിന്നും തന്നെ രക്ഷപ്പെടുത്തുവാനാണ്. അതിൻെറ പ്രതിഫലം സ്വത്തുടമകൾക്കായിരിക്കും. തൗബ ചെയ്തതി ൻെറ കൂലിയും അന്യായ സ്വത്തിൽനിന്നും തടിയൂരിയതിൻെറ കൂലിയും അയാൾക്കുണ്ടാകും. ദിനാറും ദിർഹമും ഉപകരിക്കാ ത്ത, തൻെറ നന്മകളെടുത്ത് അക്രമത്തിന് ഇരയായവ ർക്ക് നൽകുന്ന, അക്രമത്തിന് ഇരയായവരുടെ തിൻമ ത ൻെറമേൽ ചാർത്തുന്ന, പരലോക കോടതി വരുന്നതിന് മു മ്പായി തൗബക്കുവേണ്ടി ആലോചിക്കുക. അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

« أَتَدْرُونَ مَا الْمُفْلِسُ قَالُوا الْمُفْلِسُ فِينَا مَنْ لَا دِرْهَمَ لَهُ وَلَا مَتَاعَ فَقَالَ إِنَّ الْمُفْلِسَ مِنْ أُمَّتِي يَأْتِي يَوْمَ الْقِيَامَةِ بِصَلَاةٍ وَصِيَامٍ وَزَكَاةٍ وَيَأْتِي قَدْ شَتَمَ هَذَا وَقَذَفَ هَذَا وَأَكَلَ مَالَ هَذَا وَسَفَكَ دَمَ هَذَا وَضَرَبَ هَذَا فَيُعْطَى هَذَا مِنْ حَسَنَاتِهِ وَهَذَا مِنْ حَسَنَاتِهِ فَإِنْ فَنِيَتْ حَسَنَاتُهُ قَبْلَ أَنْ يُقْضَى مَا عَلَيْهِ أُخِذَ مِنْ خَطَايَاهُمْ فَطُرِحَتْ عَلَيْهِ ثُمَّ طُرِحَ فِي النَّارِ»

«നിങ്ങൾക്കറിയുമോ അരാണ് 'മുഫ്ലിസ് ' (പാപ്പരായവൻ) എന്ന്? അവർ പറഞ്ഞു: ഞങ്ങളിൽ 'മുഫ്ലിസ് ' യാതൊരു ദിർഹവും വിഭവങ്ങളും ഇല്ലാത്തവരാണ്. അപ്പോൾ അദ്ദേ ഹം പറഞ്ഞു: എന്റെ ഉമ്മത്തികളിലെ 'മുഫ്ലിസ് ' അന്ത്യ നാളിൽ സ്വലാത്തും, നോമ്പും, സകാത്തുമായി വരുന്നവ നാണ്. അവൻ വരും; ഒരാളെ ചീത്ത പറഞ്ഞിരിക്കും. ഒരാ



ളെപറ്റി അപവാദം പറഞ്ഞിരിക്കും. ഒരാളുടെ സമ്പത്തു (അ ന്യായമായി) തിന്നിരിക്കും, ഒരാളുടെ രക്തം ചിന്തിയിരി ക്കും. ഒരാളെ അടിച്ചിരിക്കും. അപ്പോൾ ഒരോരുത്തർക്കും ഇയാളുടെ നന്മകൾ എടുത്ത് നൽകപ്പെടും. തന്റെമേൽ ബാധ്യതയുള്ളത് നൽകുന്നതിനുമുമ്പ് അയാളുടെ നന്മകൾ തിർന്നാൽ അവരുടെ തിന്മകൾ ഇയാളിലേക്ക് എറിയപ്പെടും. ശേഷം അയാളും നരകത്തിൽ എറിയപ്പെടും.» (മുസ്ലിം)

അപ്പോൾ, ഹറാമിൽ മുങ്ങിക്കുളിച്ചവരേ, മരണം വ ന്നെത്തുന്നതിനുമുമ്പ് ഹറാമിൽനിന്ന് രക്ഷപ്പെടുവാൻ ശ്രമിക്കു ക. ഹറാമായ സമ്പത്ത് നരകത്തിലേക്കുള്ള പാഥേയമാണ്. സമ്പത്തിൻെറ അവകാശികൾ താങ്കളുടെ നന്മകളെടുത്ത് അ വരുടെ തിന്മകൾ താങ്കളിൽ ചാർത്തുന്നതിന് മുമ്പായി ഹറാമിൽനിന്ന് തടിയൂരുവാൻ ശ്രമിക്കുക. താങ്കൾ അല്ലാഹു വെ സൂക്ഷിക്കുക. അല്ലാഹു ﷻ പറഞ്ഞു:

﴿ وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴾

﴿നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസ ത്തെ സൂക്ഷിച്ചുകൊള്ളുക. എന്നിട്ട് ഓരോരുത്തർക്കും അ വരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണ്ണമായി നൽകപ്പെ ടുന്നതാണ്. അവരോട് (ഒട്ടും) അനീതി കാണിക്കപ്പെടുക യില്ല.﴾ (വി. ക്വു. അൽബക്വറ :281)

وصلّى الله على محمد وعلى آله وصحبه وسلّم



# വിഷയസൂചി


| | |
|---|---|
| വിവർത്തകക്കുറിപ്പ് | 1 |
| ശൈഖ് അബ്ദുല്ലാഹ് അൽഫാലിഹിന്റെ ആമുഖക്കുറിപ്പ് | 2 |
| ഇസ്ലാം സമഗ്രമാണ്, സമ്പൂർണ്ണവും | 5 |
| ഹറാം തിന്നാലുള്ള ദൂഷ്യഫലങ്ങൾ | 11 |
| ഒന്ന്: ബർക്കത്ത് നഷ്ടമാകും | 11 |
| രണ്ട്: 'ദുആ'ക്ക് ഉത്തരം ഉണ്ടാകില്ല | 13 |
| മൂന്ന്: സ്വദക്വ, ഹജ്ജ്, ഉംറ തുടങ്ങിയ കർമ്മങ്ങൾ സ്വീകരിക്കപ്പെടില്ല ?!!! | 15 |
| നാല്: ഹൃദയം മലിനമാകും. | 16 |
| അഞ്ച്: ജീവിതം അപമാനിതമാകും; പ്രശ്ന കലുഷിതവും | 19 |
| ആറ്: അന്ത്യനാളിൽ കഠിന ശിക്ഷ | 21 |





| | |
|---|---|
| ഹറാമിനോട് സലഫുകളുടെ നയം | 26 |
| ഒന്ന്: അല്ലാഹുവിൻെറ റസൂൽ ﷺ | 26 |
| രണ്ട്: അബൂബക്കർ സ്വിദ്ദീക്വ് | 28 |
| മൂന്ന്: സഅദ് ഇബ്നു അബി വക്വാസ് | 29 |
| നാല്: വഹബ് ഇബ്നു മുനബ്ബിഹ് | 29 |
| അഞ്ച്: വുഹയ്ബ് ഇബ്നു അൽവർദ് | 30 |
| ഹറാമുതിന്നുവാൻ: ദുർവ്യാഖ്യാനങ്ങൾ, ദുർന്യായങ്ങൾ, കുതന്ത്രങ്ങൾ. | 33 |
| നിഷിദ്ധ സമ്പാദ്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നത് എങ്ങിനെ ? തൗബ ചെയ്യുന്നത് എങ്ങിനെ ? | 45 |
| വിഷയസൂചി | 52 |